Handbook No. 6

ഔദ്യോഗിക ആവശ്യത്തിന് മാത്രം

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കേരളം
2025

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678

Hand Book No. 6

ഔദ്യോഗിക ആവശ്യത്തിന് മാത്രം

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കേരളം
2025

ഇലക്ടറൽ രജിസ്ട്രേഷൻ
ഓഫീസർമാർക്കുള്ള കൈപ്പുസ്തകം

പ്രസിദ്ധീകരിക്കുന്നത്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
ജനഹിതം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

കോപ്പികൾ – 5000

ആമുഖം

തിരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയും നീതിയുക്തതയും പ്രധാനമായും വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നു. വോട്ടർപട്ടിക തയ്യാറാക്കലും, പുതുക്കലും സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 16 മുതൽ 28 വരെ വകുപ്പുകളിലും, 1994 ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 72 മുതൽ 84 വരെ വകുപ്പുകളിലും, 1994 ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വോട്ടർപട്ടിക തയ്യാറാക്കലും, പുതുക്കലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ശ്രദ്ധാപൂർവം ചെയ്യേണ്ട കർത്തവ്യമാണ്.

വോട്ടർപട്ടികകൾ തയ്യാറാക്കുകയും, പുതുക്കുകയും ചെയ്യുമ്പോൾ പാലിക്കേണ്ട കർത്തവ്യങ്ങളേയും ചുമതലകളേയും സംബന്ധിച്ചുള്ള നിയമത്തേയും നടപടിക്രമങ്ങളേയും കുറിച്ച് വോട്ടർപട്ടിക തയ്യാറാക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് പൂർണ്ണമായ അറിവുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ, അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പു കൽപ്പിക്കുമ്പോൾ അവർ അർദ്ധ ജുഡീഷ്യൽ അധികാരങ്ങളാണ് നിർവഹിക്കുന്നത്. വോട്ടർപട്ടിക തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽനിന്ന് വിട്ട് കളയുകയോ ചെയ്യുന്നത് സംബന്ധിച്ച ഏതെങ്കിലും ഔദ്യോഗിക കർത്തവ്യ നിർവഹണത്തിന്റെ ലംഘനം നടത്തുന്നതും വ്യാജപ്രസ്താവന നടത്തുന്നതും ക്രിമിനൽ കുറ്റങ്ങൾ ആണ്. ആയതിനാൽ കൃത്യതയുള്ളതും പിഴവുകൾ ഇല്ലാത്തതുമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലകൾ നിർവഹിക്കുവാൻ ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എ. ഷാജഹാൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തിരുവനന്തപുരം
08.05.2025

ഉള്ളടക്കം

Page No.

അദ്ധ്യായം 1 : പ്രാരംഭം 1–2
അദ്ധ്യായം 2 : വോട്ടർ പട്ടിക തയ്യാറാക്കൽ 3–6
1) ആമുഖം 3
2) വോട്ടർ പട്ടികയിലെ രജിസ്ട്രേഷനുള്ള അയോഗ്യതകൾ 3
3) രജിസ്ട്രേഷനുള്ള ഉപാധികൾ 3
4) സാധാരണ താമസക്കാരൻ എന്നതിന്റെ അർത്ഥം 4
5) വോട്ടർ പട്ടികയുടെ രൂപം 4
6) വോട്ടർ പട്ടികയുടെ ഭാഷ 5
7) വോട്ടർ പട്ടിക ഭാഗങ്ങളായി തിരിക്കൽ 5
8) പേരുകളും അവയുടെ വിന്യാസവും 6
അദ്ധ്യായം 3 : വോട്ടർ പട്ടിക കരടായി പ്രസിദ്ധപ്പെടുത്തൽ 7–8
1) വോട്ടർപട്ടിക പുതുക്കൽ 7
2) പുതുക്കൽ പരിപാടിക്ക് പ്രചാരണം 7
3) അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കോപ്പികൾ സൗജന്യമായി നൽകൽ 8
അദ്ധ്യായം 4 : അവകാശവാദങ്ങളും ആക്ഷേപങ്ങളും 9–12
1) അവകാശവാദങ്ങൾ/ആക്ഷേപങ്ങൾ–സമർപ്പണം–കാലപരിധി 9
2) അവകാശവാദങ്ങളും ആക്ഷേപങ്ങളുംസമർപ്പിക്കേണ്ട രീതി 9
3) വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 9
4) വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരേയുള്ള ആക്ഷേപം 10
5) വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ 10
6) വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയത്/പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം 10
7) ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പാലിക്കേണ്ട നടപടിക്രമങ്ങൾ 10
8) മനപൂർവ്വം അല്ലാതെ വിട്ടുപോയപേരുകൾ ഉൾപ്പെടുത്തൽ 11
9) രേഖകളുടെ സൂക്ഷിപ്പ് 12
അദ്ധ്യായം 5 : വോട്ടർ പട്ടികകൾ അന്തിമമായിപ്രസിദ്ധീകരിക്കൽ 13–14
1) ഭേഗതികളുടെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കലും വോട്ടർപട്ടികയുടെ പ്രസിദ്ധീകരണവും 13
2) അന്തിമ ഭേദഗതി ലിസ്റ്റുകൾ അച്ചടിക്കൽ 13
3) വോട്ടർ പട്ടികകൾ – അച്ചടിക്കേണ്ട കോപ്പികളുടെ എണ്ണം 13
അദ്ധ്യായം 6 : അന്തിമമായി പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകൾ സ്ഥാനമാറ്റവും, ഒഴിവാക്കലും, തിരുത്തലും 15–17
അദ്ധ്യായം 7 : അതിർത്തി പുനർനിർണ്ണയത്തിനുശേഷം വോട്ടർ പട്ടികയുടെ ക്രമീകരണം 18
1) നിലവിലെ വോട്ടർപട്ടിക പുനഃക്രമീകരിക്കൽ 18
2) വോട്ടർപട്ടിക ക്രമീകരിക്കുന്ന വിധം 18
അദ്ധ്യായം 8 : അപ്പീലുകൾ 19–20
1) തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെയുള്ള അപ്പീൽ 19
2) ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുമ്പാകെയുള്ള അപ്പീൽ 19
അദ്ധ്യായം 9 : വോട്ടർ പട്ടികകളുടെയും ബന്ധപ്പെട്ട രേഖകളുടെയും സൂക്ഷിപ്പും സംരക്ഷണവും 21
1) രേഖകളുടെ സൂക്ഷിപ്പ് 21
2) വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പുകൾ 21
അദ്ധ്യായം 10 : പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടിക 22–23
1) വോട്ടർപട്ടികയിൽ പേര് ചേർക്കൽ 22
2) അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 22
3) ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 23
അദ്ധ്യായം 11 : സമ്മതിദായകർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടികൾ 24–25
1) വോട്ടർപട്ടികയിൽ പേര് ചേർക്കൽ 24
2) വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 24

അനുബന്ധം

1. **പഞ്ചായത്ത് തിരഞ്ഞെടുപ്പ് - വോട്ടർ പട്ടിക - മാതൃക** 29
2. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള നോട്ടീസ് 31
3. പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ 32
4. പ്രവാസി ഭാരതീയ സമ്മതിദായകന് സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷ 33
5. പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം 37
6. ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപം 38
7. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനുവേണ്ടിയുള്ള അപേക്ഷ 39
8. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പ് ഒഴിവാക്കാനുള്ള അപേക്ഷ 40
9. അവകാശവാദങ്ങളുടെ ലിസ്റ്റ് 41
10. പേര് ഉൾപ്പെടുത്തുന്നതിന്മേലുള്ള ആക്ഷേപങ്ങളുടെ ലിസ്റ്റ് 42
11. ഉൾക്കുറിപ്പുകളുടെ വിവരങ്ങളെ സംബന്ധിച്ച ആക്ഷപങ്ങളുടെ ലിസ്റ്റ് 43
12. ഒരു അവകാശവാദം കേൾക്കുന്നതിനുള്ള നോട്ടീസ് 44
13. ആക്ഷേപം ഉന്നയിക്കുന്ന ആളിനുള്ള നോട്ടീസ് 45
14. ആരെ സംബന്ധിച്ചാണോ ആക്ഷേപം ഉന്നയിക്കുന്നത് ആ ആളിനുള്ള നോട്ടീസ് 46
15. ഉൾക്കുറിപ്പിലെ വിവരങ്ങളെ സംബന്ധിച്ച ആക്ഷേപത്തിന്മേലുള്ള വാദം കേൾക്കലിനുള്ള നോട്ടീസ് 47
16. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനു വേണ്ടിയുള്ള വാദം കേൾക്കുന്നതിനുള്ള നോട്ടീസ് 48
17. അന്തിമ വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണത്തിന്റെ നോട്ടീസ് 49
18. **മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് - വോട്ടർ പട്ടിക - മാതൃക** 50
19. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള നോട്ടീസ് 52
20. പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ 53
21. പ്രവാസി ഭാരതീയ സമ്മതിദായകന് സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷ 54
22. പേര് ഉൾപ്പെടുത്തുന്നതിൻമേലോ ഉൾപ്പെടുത്തിയതിൻമേലോ ഉള്ള ആക്ഷേപം 57
23. ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപം 58
24. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനുവേണ്ടിയുള്ള അപേക്ഷ 59
25. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പ് ഒഴിവാക്കാനുള്ള അപേക്ഷ 60
26. അവകാശവാദങ്ങളുടെ ലിസ്റ്റ് 61
27. പേര് ഉൾപ്പെടുത്തുന്നതിന്മേലുള്ള ആക്ഷേപങ്ങളുടെ ലിസ്റ്റ് 62
28. ഉൾക്കുറിപ്പുകളിലെ വിവരങ്ങളെ സംബന്ധിച്ച ആക്ഷപങ്ങളുടെ ലിസ്റ്റ് 63
29. അവകാശവാദം കേൾക്കുന്നതിനുള്ള നോട്ടീസ് 64
30. ആക്ഷേപം ഉന്നയിക്കുന്ന ആളിനുള്ള നോട്ടീസ് 65
31. ആരെ സംബന്ധിച്ചാണോ ആക്ഷേപം ഉന്നയിക്കുന്നത് ആ ആളിനുള്ള നോട്ടീസ് 66
32. ഉൾക്കുറിപ്പിലെ വിവരങ്ങളെ സംബന്ധിച്ച ആക്ഷേപത്തിന്മേലുള്ള വാദം കേൾക്കലിനുള്ള നോട്ടീസ് 67
33. വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനു വേണ്ടിയുള്ള വാദം കേൾക്കുന്നതിനുള്ള നോട്ടീസ് 68
34. അന്തിമ വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണത്തിന്റെ നോട്ടീസ് 69
35. ERO മാർ ഓൺലൈൻ അപേക്ഷകളിൽ സ്വീകരിക്കുന്ന നടപടികൾ 70
36. നോട്ടീസ് 72
37. അപ്പീൽ ഫീസ് 73

അദ്ധ്യായം 1
പ്രാരംഭം

1.1 സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾക്ക് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന്റെ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, നിയന്ത്രണം എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്ന് ഇൻഡ്യൻ ഭരണഘടനയുടെ 243 കെ, 243 ഇസഡ് എ. എന്നീ അനുച്ഛേദങ്ങൾ വ്യവസ്ഥ ചെയ്യുന്നു. 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 254–ആം വകുപ്പ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 565–ആം വകുപ്പ് പ്രകാരവും വോട്ടർ പട്ടിക തയ്യാറാക്കുന്നതും പുതുക്കുന്നതും സംബന്ധിച്ച് 1994–ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ കേരള സർക്കാർപുറപ്പെടുവിച്ചിട്ടുണ്ട്.

1.2 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരുമായി കൂടിയാലോചിച്ച് ഇതിലേയ്ക്കായി ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാരായി (തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ) സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ബന്ധപ്പെട്ട സെക്രട്ടറിമാരെയും മുനിസിപ്പൽ കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയെയുമാണ്. കൂടാതെ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെയും ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാരായും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിനു വിധേയമായി ഏതൊരു അസിസ്റ്റന്റ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുവാൻ കഴിയുന്നതാണ്.

> 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 16 മുതൽ 28 വരെ വകുപ്പുകളും, 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 72 മുതൽ 84 എ വകുപ്പുവരെയും, 1994–ലെ കേരളപഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1994–ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിൽ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർമാർ വോട്ടർ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള അവരുടെ ചുമതലകളും കർത്തവ്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

1.3 വോട്ടർപട്ടിക ഒരു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന രേഖയാണ്. അതുകൊണ്ടുതന്നെ വോട്ടർ പട്ടിക തയ്യാറാക്കൽ, പുതുക്കൽ തുടങ്ങിയവ വളരെ പ്രാധാന്യമർഹിക്കുന്നു. ഒരു നിയോജകമണ്ഡലത്തിന്/ വാർഡിന് എപ്പോഴും ഒരു വോട്ടർ പട്ടിക നിലവിലുണ്ടായിരിക്കുന്നതാണ്. ഒരു വ്യക്തിയ്ക്ക് എപ്പോൾ വേണമെങ്കിലും അതിൽപേര് ചേർക്കാനോ, പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യാനോ സാധിക്കുമെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23, 24 എന്നീ വകുപ്പുകളിലും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79, 80 എന്നീ വകുപ്പുകളിലും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനു ശേഷവും തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിനു മുൻപും വരുന്ന കാലയളവിൽ ഇപ്രകാരം വോട്ടർ പട്ടികയിൽ പേരു ചേർക്കാനോ മാറ്റം വരുത്താനോ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 24(3)ആം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 80(3)–ആം വകുപ്പിലും നിഷ്കർഷിച്ചിട്ടുണ്ട്.

> വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള ഒരാൾക്ക് മാത്രമേ സമ്മതിദാന അവകാശം ഉപയോഗിക്കുവാനും തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനും കഴിയൂ. ആയതിനാൽ അർഹതയുള്ള എല്ലാ ആളുകളുടേയും പേരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ അനർഹരായവരുടെ പേരുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ ഒരു വോട്ടർ പട്ടിക തയ്യാറാക്കേണ്ടത് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർമാരുടെ അനിവാര്യ ചുമതലയാണ്.

1.4 വോട്ടർമാരുടെ സാധാരണ താമസസ്ഥലത്തെ മാറ്റങ്ങൾ, മരണം എന്നിവയനുസരിച്ച് വോട്ടർ പട്ടികയിൽ കാലോചിതമായ ഭേദഗതികൾ വരുത്തി ഏതൊരു സമയത്തും വോട്ടർ പട്ടിക പൂർണ്ണമായിരിക്കണം.

1.5 ഓരോ തിരഞ്ഞെടുപ്പിനും മുന്നോടിയായി അല്ലെങ്കിൽ ഏതെങ്കിലും ഉപതിരഞ്ഞെടുപ്പിനു മുമ്പായും, അല്ലെങ്കിൽ കമ്മീഷന്റെ നിർദ്ദേശാനുസരണവും അതത് നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടിക ആ വർഷം ജനുവരി ഒന്ന് യോഗ്യതാ നിർണ്ണയ തീയതിയായി പരിഗണിച്ചുകൊണ്ട്, താഴെപ്പറയുന്ന സമയവിവരപട്ടിക പ്രകാരം വോട്ടർ പട്ടിക പുതുക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകുന്നതാണ്.

i) സമ്മതിദായക പട്ടികയുടെ കരട് പ്രസിദ്ധീകരിക്കേണ്ട തീയതി.
ii) അവകാശവാദമോ ആക്ഷേപമോ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.
iii) അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കല്പിക്കുവാനുള്ള അവസാന തീയതി.
iv) അന്തിമ സമ്മതിദായക പട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി.

1.6 അർഹരായ എല്ലാവരേയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ, അനർഹരായവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടത് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരിൽ പ്രത്യേകമായി നിക്ഷിപ്തമാക്കപ്പെട്ട കർത്തവ്യവും ചുമതലയുമാണ്. വോട്ടർപട്ടിക തയ്യാറാക്കൽ, പുതുക്കൽ, ഉൾക്കുറിപ്പുകൾ തിരുത്തൽ, വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തൽ, ഉൾക്കുറിപ്പുകൾ നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് ഏതെങ്കിലും ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനത്തിനോ അല്ലെങ്കിൽ കർത്തവ്യത്തിന്റെ ലംഘനമായ ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ആയിരം രൂപയിൽ കുറയാതെയുള്ള പിഴ ഈടാക്കി ശിക്ഷിക്കേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 28-ആം വകുപ്പിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 84 എ വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അദ്ധ്യായം 2
വോട്ടർ പട്ടിക തയ്യാറാക്കൽ

2.1 വോട്ടർപട്ടിക

2.1.1 ഒരു ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ ഓരോ നിയോജക മണ്ഡലത്തിനും/വാർഡിനും ഒരു വോട്ടർ പട്ടിക ഉണ്ടായിരിക്കുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേയ്ക്ക് പ്രത്യേക വോട്ടർ പട്ടികയുടെ ആവശ്യമില്ല. ഗ്രാമപഞ്ചായത്തുകളുടെ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയാണ് ബന്ധപ്പെട്ട ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത്.

ഏതു വർഷമാണോ വോട്ടർ പട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്നത് ആ വർഷം ജനുവരി 1 യോഗ്യതാ തീയതിയായി പരിഗണിച്ച് വോട്ടർപട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്.

2.1.2 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും വ്യവസ്ഥകൾക്കും അവയുടെ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള 1994-ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും അനുസൃതമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും മാർഗനിർദ്ദേശത്തിലും, നിയന്ത്രണത്തിലും ഓരോ നിയോജക മണ്ഡലത്തിനും/വാർഡിനും പ്രത്യേകം പ്രത്യേകം വോട്ടർ പട്ടിക തയ്യാറാക്കേണ്ടതാണ്.

2.2 വോട്ടർ പട്ടികയിലെ രജിസ്ട്രേഷനുള്ള അയോഗ്യതകൾ

i) ഭാരത പൗരൻ അല്ലെങ്കിലോ; അല്ലെങ്കിൽ

ii) സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയുള്ളവനാണെന്ന് ക്ഷമതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നവനും ആണെങ്കിലോ; അല്ലെങ്കിൽ

iii) തിരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള അഴിമതി പ്രവൃത്തികളും മറ്റ് കുറ്റകൃത്യങ്ങളും സംബന്ധിച്ച് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വോട്ടു രേഖപ്പെടുത്തുന്നതിൽ നിന്നും തൽസമയം അയോഗ്യനാക്കപ്പെട്ടിരിക്കുന്നു എങ്കിലോ, അയോഗ്യനായിരിക്കുന്നതാണ്.

2.2.1 എന്നാൽ, രജിസ്ട്രേഷനു ശേഷം അങ്ങനെ അയോഗ്യനായിത്തീരുന്ന ഏതെങ്കിലും ആളിന്റെ പേര് അത് ഉൾപ്പെട്ടിട്ടുള്ള വോട്ടർ പട്ടികയിൽനിന്നും ഉടനടി വെട്ടിക്കളയേണ്ടതാണ്. എന്നാൽ (iii) ഖണ്ഡത്തിൻ കീഴിലെ അയോഗ്യത കാരണം വോട്ടർ പട്ടികയിൽ നിന്നും വെട്ടിക്കളയപ്പെടുന്ന ഏതെങ്കിലും ആളുടെ പേര് അയോഗ്യത നീക്കം ചെയ്യുവാൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ, അങ്ങനെയുള്ള പട്ടിക പ്രാബല്യമുള്ള കാലത്ത്, അയോഗ്യത നീക്കം ചെയ്യപ്പെടുന്നുവെങ്കിൽ ഉടനടി ആ പട്ടികയിൽ തിരികെ ചേർക്കേണ്ടതാണ്.

ഒരു വ്യക്തിയുടെ പൗരത്വത്തെപ്പറ്റി എന്തെങ്കിലും പ്രശ്നം ഉദിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ വിശദമായ റിപ്പോർട്ട് സഹിതം സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

2.3 രജിസ്ട്രേഷനുള്ള ഉപാധികൾ

2.3.1 മുൻപറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായി

i) യോഗ്യത കണക്കാക്കുന്ന തീയതിയിൽ പതിനെട്ട് വയസ്സിൽ കുറയാതിരിക്കുകയും,

ii) ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ സാധാരണ താമസക്കാരനായിരിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും ആ നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഏതൊരാളും ഒന്നിലധികം നിയോജകമണ്ഡലങ്ങളിലോ അല്ലെങ്കിൽ വാർഡുകളിലോ അല്ലെങ്കിൽ രണ്ടിലുമോ രജിസ്റ്റർചെയ്യാൻ പാടില്ലാത്തതും ഏതെങ്കിലും നിയോജകമണ്ഡലത്തിലോ, വാർഡിലോ ഒന്നിലധികം തവണ രജിസ്റ്റർ ചെയ്യപ്പെടാനോ പാടില്ലാത്തതുമാണ്.

2.4 സാധാരണ താമസക്കാരൻ എന്നതിന്റെ അർത്ഥം

2.4.1 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 21–ആം വകുപ്പിലും 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 77–ആം വകുപ്പിലും ഇക്കാര്യത്തിൽ വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരാൾക്ക് ഒരു നിയോജകമണ്ഡലത്തിൽ/വാർഡിൽ ഒരു വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശമോ, കൈവശാവകാശമോ ഉണ്ടെന്നുള്ള കാരണത്തിന്മേൽ മാത്രം അയാൾ ആ നിയോജകമണ്ഡലത്തിലെ/ വാർഡിലെ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

2.4.2 ഒരാൾ, ഏത് സ്ഥലമാണോ സ്ഥിരമായി ഉറങ്ങാൻ ഉപയോഗിക്കുന്നത്, അയാളെ ആ സ്ഥലത്തെ ഒരു സാധാരണ താമസക്കാരൻ എന്നു പറയാം. അയാൾ ആ സ്ഥലത്ത് നിന്ന് ഭക്ഷണം കഴിക്കണമെന്നില്ല. അയാൾ പുറത്ത് നിന്നാകാം ഭക്ഷണം കഴിക്കുന്നത്. സാധാരണ താമസസ്ഥലത്തുനിന്നുള്ള ഈ താത്ക്കാലിക അസാന്നിദ്ധ്യം അവഗണിക്കാവുന്നതാണ്. ഏതെങ്കിലും ഒരു പ്രത്യേക കാലയളവിലേയ്ക്ക് തുടർച്ചയായി താമസിക്കണമെന്നോ, ഇടയ്ക്ക് ഒരു ഭംഗവും ഉണ്ടാകാൻ പാടില്ലന്നോ നിർബന്ധമില്ല. ഔദ്യോഗികകാരണമായോ അല്ലെങ്കിൽ വിനോദത്തിനു വേണ്ടിയോ ഉള്ള താത്കാലിക അസാന്നിദ്ധ്യം സാധാരണതാമസക്കാരൻ എന്ന സങ്കൽപ്പത്തിന് തടസമുണ്ടാക്കുന്നതായി കണക്കാക്കേണ്ടതില്ല. ഒരു പ്രത്യേക സ്ഥലത്ത് ഒരാൾ സാധാരണ താമസക്കാരനാണോ അല്ലയോ എന്നുള്ളത് ഒരു വസ്തുതാപരമായ പ്രശ്നമാണ്. തിരിച്ചുവരാനുള്ള കഴിവും തിരിച്ചുവരാനുള്ള ഉദ്ദേശ്യവുമുണ്ടെങ്കിൽ, ഹ്രസ്വകാലത്തേക്കുള്ള അസാന്നിദ്ധ്യം സാധാരണതാമസക്കാരൻ എന്ന യോഗ്യത ഇല്ലാതാക്കുന്നില്ല. രാജ്യത്തിനു പുറത്ത് ബിസിനസ് ആവശ്യത്തിനോ ഉദ്യോഗത്തിനോ പോയിട്ടുള്ള ആളുകളെ ആ സ്ഥലത്തു നിന്ന് പോയതായി കണക്കാക്കണം. നേരെമറിച്ച്, ഷെഡുകളിലോ, വീടുകളില്ലാതെ നിരത്തുകളിലോ താമസിക്കുന്നവർ പോലും, അവർ ഒരു പ്രത്യേക പ്രദേശത്ത് ഷെഡുകളിലോ നിരത്തുകളിലോ സാധാരണ താമസക്കാരാണെങ്കിൽ, അല്ലെങ്കിൽ വാസസ്ഥലം മാറ്റുന്നില്ലെങ്കിൽ, അല്ലെങ്കിൽ മറ്റുതരത്തിൽ തിരിച്ചറിയാൻ സാധിക്കുമെങ്കിൽ, വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അർഹരാണ്.

2.4.3 പാർലമെന്റ്, സംസ്ഥാന നിയമസഭ, വിവിധതലത്തിലുള്ള പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ അംഗങ്ങൾ, അംഗമെന്ന നിലയിലുള്ള അവരുടെ ചുമതലകൾ കാരണം അവരുടെ സാധാരണ താമസ സ്ഥലത്തില്ലെങ്കിൽ കൂടി, അവരുടെ സ്വന്തം നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അവകാശം ഉണ്ടായിരിക്കും. ജയിലുകൾ, ആശുപത്രികൾ, അഭയ കേന്ദ്രങ്ങൾതുടങ്ങിയവയിലെ അന്തേവാസികളെ അവർ ആ സ്ഥാപനങ്ങളിൽ താത്കാലിക കാലത്തേക്കുമാത്രം താമസിക്കുന്നവരാകയാൽ, അങ്ങനെയുള്ള സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ, കുഷ്ഠരോഗ നിവാരണ കേന്ദ്രങ്ങൾ, ചികിൽസാലയങ്ങൾ എന്നിവിടങ്ങളിൽ ദീർഘകാല ചികിൽസയിൽ കഴിയുന്ന അർഹതയുള്ള രോഗികളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. അതു പോലെ അഗതിമന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ, പുരോഹിതർ താമസിക്കുന്ന മഠങ്ങൾ എന്നിവിടങ്ങളിലെ താത്കാലികമായുള്ള അന്തേവാസികളല്ലാത്തവരെല്ലാം, പ്രത്യേകിച്ചും സ്വന്തം വീടുമായി ബന്ധം വിട്ട് സന്യാസം സ്വീകരിച്ചു കഴിയുന്നവർ, വോട്ടർ പട്ടികയിൽ ഉൾപ്പെടാൻ അർഹരാണ്.

2.4.4 സാധാരണയായി ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളെ അവിടുത്തെ വോട്ടർ ആയി രജിസ്റ്റർ ചെയ്യാൻ അനുവദിക്കേണ്ടതില്ല. ഏതെങ്കിലും കാരണത്താൽ അവരെ വോട്ടർ ആയി രജിസ്റ്റർ ചെയ്യുന്നുവെങ്കിൽ അവർ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ വോട്ടർ പട്ടികയിൽ നിന്നും അവരുടെ പേര് നീക്കം ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.4.5 ഏതെങ്കിലും സംഗതിയിൽ ഒരാൾ ഏതെങ്കിലും പ്രസക്ത സമയത്ത് ഒരു സ്ഥലത്ത് സാധാരണ താമസക്കാരനാണോ എന്ന ഒരു പ്രശ്നം ഉദിക്കുന്ന പക്ഷം അതിൻമേൽ തീരുമാനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യേണ്ടതും സംഗതിയുടെ എല്ലാ വസ്തുതകളും പരിഗണിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആ പ്രശ്നത്തിൽ തീർപ്പുകല്പിക്കുന്നതുമാണ്.

2.5 വോട്ടർപട്ടികയുടെ രൂപം

2.5.1 കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, എന്നിവയിലെ ചട്ടം 3 അനുസരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 1–ആം നമ്പർ ഫാറത്തിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക

തയ്യാറാക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം നിശ്ചയിക്കപ്പെട്ട ഫാറത്തിന്റെ മാതൃക പഞ്ചായത്തുകളുടെ കാര്യത്തിൽ അനുബന്ധം 1 ആയും മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ അനുബന്ധം 18 ആയും ചേർത്തിട്ടുണ്ട്.

2.5.2 ഫാറം 1-ൽ പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും, ഭാഗം നമ്പരും ഉണ്ടായിരിക്കേണ്ടതാണ്. ഒരു നിയോജകമണ്ഡലം/വാർഡിന് 2 ഭാഗങ്ങൾ ഉണ്ടെങ്കിൽ ഭാഗം നമ്പരിന്റെ സ്ഥാനത്ത് ഒന്നാം ഭാഗത്തിന് 1/2 എന്നും രണ്ടാം ഭാഗത്തിന് 2/2 എന്നിങ്ങനെയും ഒരു ഭാഗം മാത്രമേയുള്ളൂവെങ്കിൽ 1/1 എന്നും ഉണ്ടായിരിക്കേണ്ടതാണ്. വോട്ടർ പട്ടികയുടെ വിവരങ്ങൾ എഴുതുവാനുള്ള ആദ്യ ഭാഗം 1-ആം പേജായും വോട്ടർമാരുടെ ഫോട്ടോ പതിച്ചുള്ള ഭാഗം തുടർന്നുള്ള പേജുകളായും വേണം ക്രമീകരിക്കുവാൻ. അതിന് തുടർച്ചയായി കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ സപ്ലിമെന്ററി പട്ടികകൾ ഒന്നിനുശേഷം മറ്റൊന്ന് എന്ന ക്രമത്തിലായിരിക്കണം വോട്ടർപട്ടികയിലെ പേജുകൾ ക്രമീകരിക്കേണ്ടത്. കൂട്ടിച്ചേർത്ത പേരുകളുടെ ക്രമനമ്പർ പ്രധാന പട്ടികയിലെ ക്രമനമ്പരിന് തുടർച്ചയായി വരേണ്ടതാണ്. അതായത്, പ്രധാന പട്ടികയിലെ അവസാനത്തെ വോട്ടറുടെ ക്രമനമ്പർ 275 ആണെങ്കിൽ കൂട്ടിച്ചേർത്ത ആദ്യ ക്രമനമ്പർ 276 ആയിരിക്കേണ്ടതാണ്.

2.5.3 നിലവിലുള്ള വോട്ടർ പട്ടിക പുതുക്കുന്ന അവസരത്തിൽ പ്രധാന പട്ടികയുമായി സപ്ലിമെന്റുകൾ സംയോജിപ്പിക്കുമ്പോൾ താഴെപ്പറയുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

i) നിലവിലുള്ള വോട്ടർ പട്ടിക (അടിസ്ഥാന വോട്ടർ പട്ടികയും അവയുടെ സപ്ലിമെന്റുകളും) ഒരു ഏകീകൃത പട്ടികയായി സംയോജിപ്പിക്കേണ്ടതാണ്.

ii) വോട്ടർ പട്ടികയിലെ പ്രസക്തഭാഗങ്ങളിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും തിരുത്തലും നടത്തിക്കൊണ്ടുള്ള എല്ലാ സപ്ലിമെന്റുകളും വീട്ട് നമ്പർ ക്രമത്തിലായിരിക്കണം തയ്യാറാക്കേണ്ടത്.

iii) അടിസ്ഥാനരേഖയായി സ്വീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിലെ കൂട്ടിച്ചേർക്കലുകൾ വീട്ട് നമ്പർ ക്രമത്തിൽ പുനഃക്രമീകരിച്ച് ഏകീകൃത പട്ടികയായി മാറ്റേണ്ടതും സമ്മതിദായകരുടെ വയസ്സ് സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. അടിസ്ഥാന രേഖയായി സ്വീകരിച്ച വോട്ടർ പട്ടികയിലെ ഒഴിവാക്കലുകൾ കരട് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.

iv) അടിസ്ഥാനരേഖയായി സ്വീകരിച്ചിട്ടുള്ള വോട്ടർ പട്ടിക കരടായി പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേര് വിവരം ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം അപ്രകാരമുള്ള പേര് വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അപ്രകാരം പ്രസിദ്ധപ്പെടുത്തി 7 ദിവസത്തിനകം ഇക്കാര്യം സംബന്ധിച്ച എന്തെങ്കിലും ആക്ഷേപമോ, അറിയിപ്പോ ലഭിക്കാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ മരണപ്പെട്ട ആളുടെ പേര് വിവരം നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും സ്വമേധയാ നീക്കം ചെയ്തിട്ടുവേണം അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.

2.6 വോട്ടർപട്ടികയുടെ ഭാഷ

2.6.1 വോട്ടർപട്ടിക മലയാളത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിൽ 20 ശതമാനത്തിലധികം ആളുകൾ മറ്റേതെങ്കിലും പ്രാദേശിക ഭാഷ (തമിഴോ, കന്നഡയോ) സംസാരിക്കുന്നവരാണെങ്കിൽ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളിൽ വോട്ടർ പട്ടിക പ്രസ്തുത ഭാഷയിലും തയ്യാറാക്കേണ്ടതാണ്. ഈ സംഗതികളിൽ, വിവിധ ഭാഷകളിലുള്ള വോട്ടർ പട്ടികകളിലെ ഉൾക്കുറിപ്പുകൾ സമാനമാണെന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

2.7 വോട്ടർപട്ടിക ഭാഗങ്ങളായി തിരിക്കൽ

2.7.1 വോട്ടർപട്ടികയെ സൗകര്യപ്രദമായ ഭാഗങ്ങളായി തിരിക്കേണ്ടതാണ്. ഒരു ഭാഗത്ത് ഉൾപ്പെടുത്തേണ്ട പേരുകളുടെ എണ്ണം സാധാരണഗതിയിൽ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലെ പോളിംഗ് സ്റ്റേഷനുകളുടെ കാര്യത്തിൽ 1300-ൽ കവിയാനും മുനിസിപ്പൽ വാർഡുകളുടെ കാര്യത്തിൽ 1600-ൽ കവിയാനും പാടില്ല.

2.7.2 പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുതുക്കേണ്ടതും വോട്ടർപട്ടികയുടെ ഓരോ ഭാഗവും ഒരു പോളിംഗ് സ്റ്റേഷനകത്ത് വരുന്ന പ്രദേശം ഉൾപ്പെടുന്ന

തരത്തിലായിരിക്കേണ്ടതുമാണ്. അതായത് വോട്ടർ പട്ടികയിലെ ഭാഗ നമ്പരും പോളിംഗ് സ്റ്റേഷൻ നമ്പരും ഒന്നുതന്നെയായിരിക്കണമെന്നർത്ഥം.

2.8 പേരുകളും അവയുടെ വിന്യാസവും

2.8.1 വോട്ടറുടെ പൂർണ്ണമായ പേര് (ഇനിഷ്യലുണ്ടെങ്കിൽ അതുൾപ്പെടെ) വോട്ടർ പട്ടികയിൽ ചേർക്കണം. വോട്ടർമാരുടെ അച്ഛന്റെയോ രക്ഷകർത്താവിന്റെയോ ഭർത്താവിന്റെയോ പേരും നിർദ്ദിഷ്ടസ്ഥാനത്ത് ചേർക്കേണ്ടതാണ്. വോട്ടർ പട്ടികയിൽ ഓരോ ഭാഗത്തും വോട്ടർമാരുടെ പേര് വീട്ടുനമ്പർ മുറയ്ക്ക് ചേർക്കണമെന്ന് സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 5-ആം ചട്ടം വ്യവസ്ഥ ചെയ്യുന്നു. ഒരേ കുടുംബത്തിൽ ഒരേ വീട്ടിൽ താമസിക്കുന്ന അംഗങ്ങളുടെ പേര് വോട്ടർ പട്ടികയിൽ ഒരേ സ്ഥാനത്ത് ക്രമമായി വരേണ്ടതാണ്. കുടുംബനാഥന്റെ പേരിനെ തുടർന്നായിരിക്കണം മറ്റ് അംഗങ്ങളുടെ പേരുകൾ ചേർക്കേണ്ടത്.

അദ്ധ്യായം 3
വോട്ടർ പട്ടിക കരടായി പ്രസിദ്ധപ്പെടുത്തൽ

3.1. വോട്ടർപട്ടിക പുതുക്കൽ

3.1.1 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മറ്റ് വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പക്ഷം, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലേയോ മുനിസിപ്പാലിറ്റിയിലേയോ ഓരോ പൊതുതിരഞ്ഞെടുപ്പിനു മുമ്പും ഏതെങ്കിലും നിയോജകമണ്ഡലത്തിലെ/വാർഡിലെ ഒരു ആകസ്മിക ഒഴിവ് നികത്തുന്നതിനുള്ള ഉപതിരഞ്ഞെടുപ്പിനു മുൻപും യോഗ്യത കണക്കാക്കുന്ന തീയതിക്കനുസൃതമായി നിർണയിക്കപ്പെടുന്ന രീതിയിൽ വോട്ടർ പട്ടിക പുതുക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 22–ആം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 78–ആം വകുപ്പും അനുശാസിക്കുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം സമഗ്രമായോ സംക്ഷിപ്തമായോ അഥവാ ഭാഗികമായി സമഗ്രമായോ ഭാഗികമായി സംക്ഷിപ്തമായോ വോട്ടർപട്ടിക പരിഷ്കരിക്കാവുന്നതാണ്.

3.1.2 വോട്ടർപട്ടിക സമഗ്രമായി പുതുക്കുന്ന കാര്യത്തിൽ എന്യൂമറേറ്റർമാർ ഓരോ വീടും സന്ദർശിച്ച്, 1994–ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 2–ആം നമ്പർ ഫാറത്തിൽ ഉൾപ്പെട്ടിട്ടുള്ള വോട്ടർ കാർഡിൽ ആ വീട്ടിലെ അർഹരായ അംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നു. അതിനുശേഷം കരട് പട്ടിക പ്രസിദ്ധീകരിച്ച് പുതുക്കുന്നു.

3.1.3 വോട്ടർ പട്ടിക സംക്ഷിപ്തമായി പുതുക്കുന്നതിന് ഒരു നിയോജകമണ്ഡലത്തിൽ/വാർഡിൽ നിലവിലുള്ള വോട്ടർപട്ടികയുടെ അടിസ്ഥാന പട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ച് കരട് പട്ടിക പ്രസിദ്ധീകരിച്ച് പുതുക്കുന്നു.

3.1.4 കൂടാതെ, നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പ്രാബല്യത്തിലുള്ള വോട്ടർപട്ടിക സ്വീകരിച്ചുകൊണ്ട് പഞ്ചായത്തുകളിലെ വോട്ടർപട്ടികകൾ തയ്യാറാക്കുന്നതിന് 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 146–ആം വകുപ്പും മുനിസിപ്പാലിറ്റികളിലെ വോട്ടർപട്ടിക തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 83–ആം വകുപ്പും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അധികാരം നൽകുന്നുമുണ്ട്.

3.1.5 ഒരു നിയോജകമണ്ഡലത്തിലേയ്ക്കുള്ള/വാർഡിലേയ്ക്കുള്ള വോട്ടർപട്ടിക തയ്യാറാക്കുന്ന മുറയ്ക്ക് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ അതിന്റെ പകർപ്പ് കരടായി പ്രസിദ്ധീകരിക്കേണ്ടതാണ്. അതോടൊപ്പം അവകാശവാദങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചു കൊണ്ടും ഏത് അധികാരി മുൻപാകെ, എപ്പോൾ, ഏതു സമയം വരെ ഇവ സമർപ്പിക്കണമെന്നും കാണിച്ചുകൊണ്ടും, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 3–ആം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസും പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട് (അനുബന്ധം 2 ഉം 19 ഉം കാണുക). 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 16 (2) വകുപ്പ് അനുശാസിക്കുന്ന പ്രകാരം കരട് വോട്ടർ പട്ടിക അതത് പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും ബ്ലോക്ക് ആസ്ഥാനത്തും താലൂക്കാഫീസിലും പ്രസിദ്ധീകരിച്ച് വോട്ടർമാർക്ക് പരിശോധനയ്ക്ക് സൗകര്യം നൽകേണ്ടതാണ്. ബന്ധപ്പെട്ട നിയോജകമണ്ഡലം/വാർഡ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ അതാത് ഓഫീസിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്ബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്ബ്സൈറ്റിലും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

3.2 പുതുക്കൽ പരിപാടിയ്ക്ക് പ്രചാരണം

3.2.1 വോട്ടർ പട്ടിക പുതുക്കൽ പരിപാടിയെപ്പറ്റിയും കരട് പട്ടിക പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് എവിടെയൊക്കെ ലഭിക്കുമെന്നതിനെപ്പറ്റിയും വിപുലമായ പ്രചാരണം നൽകേണ്ടതാണ്. ഇതിലേക്കായി താഴെപ്പറയുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

i) ആകാശവാണി, ദൂരദർശൻ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയ ഔദ്യോഗിക പൊതുമാധ്യമങ്ങൾ പൂർണ്ണമായും ഉപയോഗിക്കാം.

ii) പുതുക്കൽ പരിപാടി നടക്കുന്ന സമയം മൂന്നോ നാലോ തവണ ആകാശവാണിയുടെയും ദൂരദർശന്റെയും പ്രാദേശിക സ്റ്റേഷനുകൾ വഴി ഏറ്റവും പ്രധാന സമയങ്ങളിൽ പ്രക്ഷേപണം നടത്തുക. ഇതിനോടൊപ്പം ദൂരദർശനിൽ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുക, ആകാശവാണി, ദൂരദർശൻ എന്നിവ മുഖേന അഭ്യർത്ഥനകൾ, ആഹ്വാനങ്ങൾ, സ്കിറ്റുകൾ എന്നിവ കൂടി നടത്തുക. ഇവയെല്ലാം ഏറ്റവും പ്രധാനസമയങ്ങളിൽ നടത്താവുന്നതാണ്.

iii) ഔദ്യോഗിക സാമൂഹ്യമാധ്യമങ്ങൾ വഴിയും പ്രചാരണം നടത്തേണ്ടതാണ്.

iv) ജില്ലയിൽ പരക്കെ പ്രചാരമുള്ള രണ്ടോ അതിൽ കൂടുതലോ പത്രങ്ങളിൽ വാർത്താപ്രചാരണം.

v) റേഷൻ കടകൾ, ഗ്രന്ഥശാലകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ബിറ്റ് നോട്ടീസുകൾ വഴി പ്രചാരണം നടത്തുക.

3.2.2 കൂടാതെ, വോട്ടർ പട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിയ്ക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കുന്നതാണ്.

3.3 അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കോപ്പികൾ സൗജന്യമായി നൽകൽ

3.3.1 ദേശീയ പാർട്ടികൾക്കും അംഗീകൃത കേരള സംസ്ഥാന പാർട്ടികൾക്കും വോട്ടർ പട്ടികയുടെ രണ്ടു പകർപ്പുകൾ സൗജന്യമായി നൽകേണ്ടതാണ്. രണ്ടു ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളിടത്ത് ഓരോ ഭാഷയിലുമുള്ള ഓരോ കോപ്പി വീതം, മൊത്തം രണ്ടു കോപ്പികൾ കൊടുത്താൽ മതിയാവുന്നതാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടി, ഒരേ ഭാഷയിലുള്ള രണ്ടു കോപ്പികൾ ആണ് ആവശ്യപ്പെടുന്നതെങ്കിൽ അവർക്ക് അങ്ങനെ നൽകേണ്ടതാണ്. രാഷ്ട്രീയപാർട്ടികളുടെ അംഗീകൃത പ്രതിനിധികൾക്കാണ് സൗജന്യമായി വോട്ടർ പട്ടികയുടെ കോപ്പികൾ നൽകേണ്ടത്. കോപ്പികൾ നൽകുമ്പോൾ കൈപ്പറ്റ് രസീത് വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. വോട്ടർപട്ടികയുടെ പകർപ്പ് ആവശ്യക്കാർക്ക് നിശ്ചിത വില ഈടാക്കി നൽകാവുന്നതാണ്.

3.3.2 നാമനിർദ്ദേശപത്രിക നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി വരെ നടത്തുന്ന കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ മുതലായവയുടെ എല്ലാ സപ്ലിമെന്റുകളും രാഷ്ട്രീയ പാർട്ടികൾക്ക് നൽകേണ്ടതാണ്. സപ്ലിമെന്റുകൾ നൽകുമ്പോൾ അതനുസരിച്ചുള്ള ഭേദഗതികൾ പ്രധാന വോട്ടർ പട്ടികയിൽ (മാതൃ വോട്ടർപട്ടിക) ചേർക്കണമെന്ന് രേഖാമൂലം അവരെ അറിയിക്കേണ്ടതാണ്.

അദ്ധ്യായം 4
അവകാശവാദങ്ങളും ആക്ഷേപങ്ങളും

4.1 അവകാശവാദങ്ങൾ/ആക്ഷേപങ്ങൾ-സമർപ്പണം-കാലപരിധി

4.1.1 കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ പ്രസ്തുത പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള എല്ലാ അവകാശവാദങ്ങളും അതിലുള്ള ഉൾക്കുറിപ്പുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ചിരിക്കേണ്ടതാണ്.

4.2 അവകാശവാദങ്ങളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട രീതി

4.2.1 വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള ഫാറം 4 ലുള്ള അപേക്ഷയും ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ഫാറം 6 ലുള്ള ആക്ഷേപവും വോട്ടർപട്ടികയിലെ സ്ഥാനമാറ്റത്തിനുള്ള ഫാറം 7 ലെ അപേക്ഷയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5-ൽ ഓൺലൈനായി സമർപ്പിച്ച് അതിന്റെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ഔൺലൈനായി സമർപ്പിക്കാതെ ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോ നൽകുന്ന ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതാണ്.

4.3 വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

4.3.1 സംസ്ഥാന തിരെഞ്ഞടുപ്പ് കമ്മീഷന്റെ https://www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Citizen Profile ക്രിയേറ്റ് ചെയ്ത ശേഷം അതിൽ കൂടി വേണം അവകാശവാദങ്ങളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ടത്. പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷാഫാറം (നമ്പർ. 4) തിരഞ്ഞെടുക്കണം.

I) 4-ആം നമ്പർ ഫാറത്തിലെ combo box-കളിൽ നിന്നും ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജക മണ്ഡലം/വാർഡ്, ഭാഗം നമ്പർ എന്നിവ ക്രമത്തിൽ തിരഞ്ഞെടുക്കണം (select ചെയ്യണം). അതിന് ശേഷം പേര്, ലിംഗം, വയസ്സ്, മേൽവിലാസം, രക്ഷകർത്താവിന്റെ പേര് തുടങ്ങിയ മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തണം.

ii) ഫാറം നമ്പർ 4-ലെ എല്ലാ കോളങ്ങളിലും ഡേറ്റാ എൻട്രി വരുത്തേണ്ടതാണ്. അപേക്ഷകന്റെ പേര് മറ്റൊരു പഞ്ചായത്തിൽ / മുനിസിപ്പൽ കൗൺസിലിൽ/മുനിസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള ഭാഗം കൃത്യമായും പൂരിപ്പിക്കേണ്ടതാണ്.

iii) പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷയിൽ ഏതു വോട്ടർ പട്ടികയിലാണ് പേര് ചേർക്കാൻ ആഗ്രഹിക്കുന്നത് ആ വോട്ടർപട്ടികയിൽ ഇതിനോടകം പേര് ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബാംഗത്തിന്റേയോ തൊട്ടടുത്ത താമസക്കാരന്റെയോ വോട്ടർപട്ടികയിലെ ക്രമനമ്പറും കൂടി ചേർക്കേണ്ടതാണ്.

iv) ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫാറം 12-ൽ അപേക്ഷകന് തീയതിയും സമയവും സ്ഥലവും നിശ്ചയിച്ച് ഹിയറിംഗ് നോട്ടീസ് ലഭിക്കുന്നതാണ്.

v) പ്രസ്തുത നോട്ടീസ് പ്രകാരം ബന്ധപ്പെട്ട രേഖകളും ആറുമാസത്തിനുള്ളിൽ എടുത്ത അപേക്ഷകന്റെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയുമായി അപേക്ഷകൻ നിശ്ചിത സമയത്ത് തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നേർവിചാരണയ്ക്ക് ഹാജരാകണം. ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. അപ്രകാരം അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ ഫോട്ടോ ഹാജരാക്കേണ്ടതില്ല.

4.4 വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരേയുള്ള ആക്ഷേപം

i) വോട്ടർ പട്ടികയിലുള്ള ഒരു സമ്മതിദായകന്റെ പേരിലോ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റു വിശദാംശങ്ങളിലോ തിരുത്തലുകൾ ആവശ്യമായി വരുന്നെങ്കിൽ അവയ്ക്കുള്ള അപേക്ഷ ഫാറം 6–ൽ ഓൺലൈനായി സമർപ്പിക്കണം.

ii) വോട്ടർപട്ടികയിൽ സമ്മതിദായകനെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പിലെ വിശദാംശങ്ങൾ തിരുത്തുന്നതിലേയ്ക്കായി ആരുടെ ഉൾക്കുറിപ്പിലെ വിശദാംശങ്ങളാണോ തിരുത്തേണ്ടത് ആ വ്യക്തി തന്നെ 6–ആം നമ്പർ ഫാറത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

iii) ജില്ല, ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ, നിയോജകമണ്ഡലം/വാർഡ്, ഭാഗം (പാർട്ട്) എന്നിവ ക്രമത്തിൽ തിരഞ്ഞെടുത്ത ശേഷം മറ്റ് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഓൺലൈൻ അപേക്ഷ അയയ്ക്കണം.

iv) അപേക്ഷ അയയ്ക്കുന്ന വേളയിൽ തന്നെ തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിച്ച് ഫാറം 15–ലെ ഹിയറിംഗ് നോട്ടീസ് അപേക്ഷകന് ലഭിക്കും. അതു പ്രകാരം അപേക്ഷകൻ ബന്ധപ്പെട്ട രേഖകളുമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നിശ്ചിത സമയത്ത് ഹാജരായി രേഖകൾ സമർപ്പിക്കുകയോ വിവരങ്ങൾ ബോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

4.5 വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ

i) ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയുടെ ഒരു ഭാഗത്ത് നിന്നും വോട്ടറെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളുടെ സ്ഥാന മാറ്റത്തിനുള്ള അപേക്ഷാഫാറം 7–ൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ആരുടെ ഉൾക്കുറിപ്പാണോ സ്ഥാനമാറ്റം ചെയ്യേണ്ടത് ആ വോട്ടർ തന്നെ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ii) ഒരു പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ സമ്മതിദായകനെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകൾ അതേ നിയോജകമണ്ഡലത്തിലെ/വാർഡിലെ ഒരു ഭാഗത്തു നിന്നും മറ്റൊരു ഭാഗത്തേയ്ക്കോ അതേ സ്ഥാപനത്തിലെ മറ്റൊരു നിയോജക മണ്ഡലത്തിലേയ്ക്കോ/വാർഡിലേയ്ക്കോ മാറ്റുന്നതിനുള്ള അപേക്ഷ ഫാറം 7–ൽ ഓൺലൈനായി വേണം സമർപ്പിക്കേണ്ടത്.

iii) മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകൾ അയക്കുമ്പോൾതന്നെ ഫാറം 15 എ–യിൽ നേർവിചാരണയ്ക്കുള്ള നോട്ടീസ് അപേക്ഷകന് ലഭിക്കും. അതുപ്രകാരം നിശ്ചിത സമയത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ മുമ്പാകെ ഹാജരായി വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾക്ക് സ്ഥാനമാറ്റം ആവശ്യമായി വരുന്ന സംഗതി തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

4.6 വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിയത്/പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം

4.6.1 വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5–ൽ ഓൺലൈനായി സമർപ്പിച്ച് അതിന്റെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കണം. **ഓൺലൈനായി** സമർപ്പിക്കാതെ ഫാറം 5–ൽ നേരിട്ടോ തപാലിലൂടെയോ നൽകുന്ന ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതാണ്.

4.6.2 കൂടാതെ, വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമ്മതിദായകൻ മരണപ്പെട്ടിട്ടുണ്ടെങ്കിലോ ആ പ്രദേശത്തെ സാധാരണ താമസക്കാരനല്ലാതാവുമ്പോഴോ അവ ഒഴിവാക്കുന്നതിനുള്ള അപേക്ഷ, ഫാറം 8–ൽ നേരിട്ടോ തപാലിലൂടെയോ വേണം നൽകേണ്ടത്. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഫാറം 8–ലെ അപേക്ഷ വാങ്ങാൻ പാടുള്ളതല്ല.

4.7 ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പാലിക്കേണ്ട നടപടിക്രമങ്ങൾ

i) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് ഫാറം 4–ൽ ഓൺലൈനായി അപേക്ഷ അയയ്ക്കുമ്പോൾ തന്നെ നേർവിചാരണയ്ക്കുള്ള തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് കൊണ്ട് കമ്പ്യൂട്ടർ തയ്യാറാക്കുന്ന ഫാറം 12–ലെ നോട്ടീസ് അപേക്ഷകന് ഓൺലൈനായി ലഭിക്കും.

ii) വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുള്ള ഫാറം 6–ലെ ആക്ഷേപങ്ങൾക്കും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ ഉൾക്കുറിപ്പ് വിശദാംശങ്ങൾ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്ക് സ്ഥാനമാറ്റം

ചെയ്യുന്നതിനോ അഥവാ ഒരു നിയോജക മണ്ഡലത്തിലെ ഉൾക്കുറിപ്പ് വിശദാംശങ്ങൾ മറ്റൊരു നിയോജക മണ്ഡലത്തിലേയ്ക്ക് സ്ഥാനമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള, ഫാറം 7-ലെ അപേക്ഷകൾക്കും, ഫാറം നമ്പർ 15, 15 എ എന്നിവയിൽ മേൽപ്പറഞ്ഞ പ്രകാരം, അപേക്ഷകർക്ക് നോട്ടീസ് ലഭിക്കും.

iii) ഓരോ ദിവസവും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളും/ ആക്ഷേപങ്ങളും നോട്ടീസുകളുടെ പകർപ്പും ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രിന്റ് എടുത്ത് നിശ്ചിത സമയത്ത് നേർവിചാരണ നടത്തുന്നതിനായി സൂക്ഷിക്കേണ്ടതാണ്.

iv) ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നേർവിചാരണയ്ക്കുള്ള നോട്ടീസ് ലഭിച്ചിട്ടുണ്ടെന്ന് എസ്.എം.എസ് (SMS) മുഖേനയോ ഫോണിലൂടെയോ മറ്റോ ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്.

v) മേൽപ്പറഞ്ഞ പ്രകാരം ഓരോ ദിവസവും 4-ആം നമ്പർ ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ സംക്ഷിപ്ത രൂപം ഫാറം നമ്പർ 9-ലും, ഫാറം 6-ലും, ഫാറം 7-ലും ലഭിക്കുന്ന മറ്റ് അപേക്ഷകളുടെയും ആക്ഷേപങ്ങളുടെയും സംക്ഷിപ്തം, ഫാറം നമ്പർ 11-ലും വെവ്വേറെ അതാത് ദിവസം തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇത്തരം ഫോറങ്ങളും കമ്പ്യൂട്ടർ തയ്യാറാക്കുന്നതാണ്. ഫാറം 5-ൽ ലഭിക്കുന്ന ആക്ഷേപങ്ങളുടെ സംക്ഷിപ്തം ഫാറം നമ്പർ 10-ൽ തയ്യാറാക്കി പ്രസിദ്ധീകരിക്കണം. ഫാറം 5-ൽ ലഭിക്കുന്ന ആക്ഷേപങ്ങൾ ERMSൽ എൻട്രി വരുത്തുന്ന മുറയ്ക്ക് ഫാറം 10 ഉം കമ്പ്യൂട്ടർ തയ്യാറാക്കി നൽകുന്നതാണ്.

vi) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനോ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനോ ഉൾക്കുറിപ്പ് വിശദാംശങ്ങൾ സ്ഥാനമാറ്റം ചെയ്യുന്നതിനോ വേണ്ടി അപേക്ഷകരെ/ആക്ഷേപകരെ നേരിൽ കേൾക്കുന്ന വേളയിൽ ഡൗൺലോഡ് ചെയ്തിട്ടുള്ള അപേക്ഷകളുടെ പ്രിന്റ്ഔട്ടിൽ ബന്ധപ്പെട്ട അപേക്ഷകരുടെ ഒപ്പ് വാങ്ങേണ്ടതാണ്.

vii) ഇത്തരത്തിൽ ഡൗൺലോഡ് ചെയ്തിട്ടുള്ള പേര് ഉൾപ്പെടുത്തുന്നതിനുള്ള ഫാറം 4-ലെ അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോയില്ലെങ്കിൽ അതിൽ ആറു മാസത്തിനുള്ളിൽ എടുത്ത അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഒട്ടിക്കേണ്ടതാണ്.

viii) അപേക്ഷകരെ/ആക്ഷേപകരെ നേരിട്ട് കേട്ട് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെയും ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ix) പേര് ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ചിട്ടുള്ള സംഗതിയിൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളവരുടെ ഫോട്ടോ കൂടി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ERMS-ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകളിൻമേൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ ഡേറ്റാ എൻട്രി വരുത്തേണ്ടതാണ്.

x) പേര് ഉൾപ്പെടുത്തിയത് അല്ലെങ്കിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന 5-ആം നമ്പർ ഫാറത്തിലെ ആക്ഷേപങ്ങളെ സംബന്ധിച്ച് നേർവിചാരണ നടത്തുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഫാറം 13-ലും, 14-ലും നോട്ടീസ് നൽകേണ്ടതും, അവയിന്മേൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിച്ച നടപടി വിവരങ്ങൾ ഓൺലൈനായി നിശ്ചിത ഫോറത്തിൽ എൻട്രി വരുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം**35**-ൽ ചേർത്തിട്ടുണ്ട്.

4.8 മനഃപൂർവ്വമല്ലാതെ വിട്ടുപോയ പേരുകൾ ഉൾപ്പെടുത്തൽ

4.8.1 വോട്ടർപട്ടിക തയ്യാറാക്കുന്ന സമയത്ത് മനഃപൂർവ്വമല്ലാതെയോ പിശക് മൂലമോ വോട്ടർമാരുടെ പേരുകൾ വിട്ടു പോയാൽ, വിട്ടുപോയിട്ടുള്ളവരുടെ പേരുകളും കൂടാതെ അവകാശവാദ അപേക്ഷകൾ കൈകാര്യം ചെയ്തപ്പോൾ വിട്ടുപോയിട്ടുള്ളതുമായ സമ്മതിദായകരുടെയും പേരുകളും ഉൾപ്പെടുത്തി ഒരു ലിസ്റ്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ തയ്യാറാക്കേണ്ടതാണ്. അതിനുശേഷം, പട്ടികയിൽ ഈ പേരുകൾ ചേർക്കുന്ന കാര്യം ഏതു സമയത്ത് ഏത് സ്ഥലത്ത് വച്ചും പരിഗണിക്കുമെന്നറിയിച്ചു കൊണ്ടുള്ള ഒരു നോട്ടീസോടുകൂടി ലിസ്റ്റിന്റെ ഒരു കോപ്പി തന്റെ ആഫീസിലെ നോട്ടീസ് ബോർഡിലും യുക്തമെന്ന് കരുതുന്ന മറ്റേതെങ്കിലും രീതിയിലും പരസ്യപ്പെടുത്തേണ്ടതുമാണ്. വാക്കാലോ രേഖാമൂലമോ ബോധിപ്പിക്കാവുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷം, എല്ലാ പേരുകളും, അല്ലെങ്കിൽ ഏതെങ്കിലും പേര് പട്ടികയിൽ ചേർക്കണമോ എന്നും തീരുമാനിക്കേണ്ടതുമാണ്. മേൽപറഞ്ഞ നോട്ടീസ് ഇനി പറയുന്ന രൂപത്തിൽ ആയിരിക്കേണ്ടതാണ്.

നോട്ടീസ്

ഇതോടൊപ്പം ചേർത്തിട്ടുള്ള ലിസ്റ്റുകളിൽ കാണുന്ന പേരുകൾ, അവ യദൃച്ഛയാ വിട്ടുപോയതുകൊണ്ട്, വോട്ടർപട്ടികയിൽ ചേർക്കുന്ന കാര്യം 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിലെ 19-ആം ചട്ടപ്രകാരം പരിഗണിക്കാൻ ഉദ്ദേശിക്കുന്നതിനാൽ, ഈ പേര് ചേർക്കലുകൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കണമെന്നുള്ള ആർക്കും അങ്ങനെ ചെയ്യാവുന്നതും അയാൾ ഹാജരാക്കാൻ ആഗ്രഹിക്കുന്ന തെളിവു സഹിതം ഇനി പറയുന്ന സ്ഥലങ്ങളിൽ അവയ്ക്ക് നേരേ കാണിച്ചിട്ടുള്ള വാദം കേൾക്കുന്ന തീയതികളിലും സമയത്തും ഹാജരാകാവുന്നതുമാണ്.

വാദം കേൾക്കുന്ന സ്ഥലം (1)	തീയതി (2)	സമയം (3)	ലിസ്റ്റിലെ പേരുകളുടെ എണ്ണം (4)

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ
പഞ്ചായത്ത് നിയോജകമണ്ഡലം/മുനിസിപ്പൽ വാർഡ്

സ്ഥലം ....
തീയതി ....

4.9 രേഖകളുടെ സൂക്ഷിപ്പ്

4.9.1. ഓൺലൈനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകൾക്കും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓൺലൈനായി ലഭിച്ചിട്ടുള്ള എല്ലാ ഫോറങ്ങളുടേയും പ്രിന്റ് എടുത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ സൂക്ഷിക്കേണ്ടതും മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന വിധമുള്ള അന്വേഷണം എല്ലാ അപേക്ഷകളിന്മേലും ആക്ഷേപങ്ങളിന്മേലും ആവശ്യമെങ്കിൽ നടത്തേണ്ടതുമാണ്. കൂടാതെ എല്ലാ അപേക്ഷകരേയും ആക്ഷേപകരെയും കേട്ടശേഷം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവയുടെ കാരണങ്ങൾ സഹിതം പ്രസ്തുത ഫോറങ്ങളിൽത്തന്നെ രേഖപ്പെടുത്തേണ്ടതും എടുത്ത നടപടി സംബന്ധിച്ച വിവരം അപേക്ഷകരെയും ആക്ഷേപകരെയും അറിയിക്കേണ്ടതുമാണ്. ഓൺലൈനായി ലഭിച്ചിട്ടുള്ള അപേക്ഷകളും അവയിൽ രജിസ്ട്രേഷൻ ആഫീസർ പുറപ്പെടുവിച്ച ഉത്തരവുകളും അടങ്ങിയ ഫോറങ്ങൾക്കും സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 27-ൽ പ്രതിപാദിച്ചിട്ടുള്ള കടലാസുകളുടെ സൂക്ഷിപ്പും സംരക്ഷണവും സംബന്ധിച്ച വ്യവസ്ഥകൾ ബാധകമാണ്.

അദ്ധ്യായം 5
വോട്ടർ പട്ടികകൾ അന്തിമമായി പ്രസിദ്ധീകരിക്കൽ

5.1 ഭേദഗതികളുടെ അന്തിമലിസ്റ്റുകൾ തയ്യാറാക്കലും വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണവും

5.1.1 കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം അത് അന്തിമമായി പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഭേദഗതികളുടെ ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്. ഈ ലിസ്റ്റുകളിൽ മരണപ്പെട്ട ആളുകളുടേയും, പട്ടികയിൽ പേരു ഉൾപ്പെടുത്തിയിട്ടുള്ളവരും എന്നാൽ നിയോജകമണ്ഡലത്തിൽ/വാർഡിൽ സാധാരണ താമസക്കാരല്ലാതായി തീർന്നവരുടേയും പേരുകളും, 1994 ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 19, 20 അനുസരിച്ചുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നതിനും ക്ലറിക്കൽ തെറ്റുകളോ അച്ചടിപ്പിശകുകളോ പട്ടികകളിൽ പിന്നീട് കണ്ടുപിടിക്കപ്പെട്ട തെറ്റുകളോ തിരുത്തുന്നതിനുമുള്ള ഭേദഗതികളും ഉൾപ്പെടും. ഈ ജോലി അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പാക്കിയതിനുശേഷം ചെയ്യാൻ കാത്തിരിക്കേണ്ടതില്ല. അവകാശവാദങ്ങളിൻമേലും, ആക്ഷേപങ്ങളിൻമേലും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ഉത്തരവുകളും, 19, 20 എന്നീ ചട്ടങ്ങൾക്ക് കീഴിൽ പുറപ്പെടുവിച്ച അദ്ദേഹത്തിന്റെ തീരുമാനങ്ങളും യഥോചിതം ചേർക്കേണ്ടതാണ്.

5.1.2 കരട് വോട്ടർ പട്ടികയിൽ ഭേദഗതികളുടെ ലിസ്റ്റുകൾ ഒന്നും തന്നെയില്ലെങ്കിലും 19-ഉം 20-ഉം ചട്ടങ്ങൾക്ക് കീഴിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ വരുത്തിയ ഭേദഗതികൾ അന്തിമ ലിസ്റ്റിൽ ഉണ്ടായിരിക്കണം.

5.1.3 മൂന്ന് ഭാഗങ്ങൾ ഉള്ള പ്രാഥമിക ഭേദഗതി ലിസ്റ്റുകൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അതേ ഫാറത്തിൽ തന്നെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കണം. അതായത് ഭാഗം 1-കൂട്ടിച്ചേർക്കലുകൾ, ഭാഗം 2-തിരുത്തലുകൾ, ഭാഗം 3-ഒഴിവാക്കലുകൾ. അടിസ്ഥാന വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ള അതേ ഭാഷകളിൽ തന്നെ ഇവയും തയ്യാറാക്കണം. ലിസ്റ്റുകൾക്ക്, ആ വർഷത്തേക്കുള്ള (ലിസ്റ്റുകൾ തയ്യാറാക്കപ്പെടുന്ന വർഷം) അന്തിമ ഭേദഗതി ലിസ്റ്റുകൾ എന്ന് ഹെഡിംഗ് നൽകണം. ഈ വോട്ടർമാരുടെ ക്രമ നമ്പറുകൾ അടിസ്ഥാന പട്ടിക/കരട് പട്ടികയിലെ അവസാനത്തെ ക്രമ നമ്പരുകളുടെ തുടർച്ചയായിരിക്കും. ഏതെങ്കിലും ഒരു ഭാഗത്ത് ഉൾക്കുറിപ്പുകളൊന്നുമില്ലെങ്കിൽ, പ്രസ്തുത ഹെഡിംഗിന് താഴെയായി 'ഇല്ല' എന്ന ഉൾക്കുറിപ്പ് ചേർക്കണം. ഒരു ഭാഗത്തിലും ഉൾക്കുറിപ്പുകളൊന്നുമില്ലെങ്കിൽ 'ഇല്ല' എന്ന് രേഖപ്പെടുത്തി ഒരു അന്തിമ ഭേദഗതി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

5.2 അന്തിമ ഭേദഗതി ലിസ്റ്റുകൾ അച്ചടിക്കൽ

5.2.1 ഒരോ ഭാഗങ്ങളിലുമുള്ള ഭേദഗതികളുടെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കിക്കഴിഞ്ഞാലുടൻ തന്നെ, അവ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ആവശ്യമായ കോപ്പികൾ എടുക്കേണ്ടതാണ്. അന്തിമ ഭേദഗതി ലിസ്റ്റുകളുടെ എല്ലാ കോപ്പികളിലും (സപ്ലിമെന്ററി ലിസ്റ്റുകളിൽ "ഇല്ല" എന്ന് രേഖപ്പെടുത്തിയവ ഉൾപ്പെടെ) രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര് ചേർക്കേണ്ടതാണ്. കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ അവ ഓൺലൈനായി പ്രസിദ്ധീകരിക്കേണ്ടതാണ്.

5.3 വോട്ടർ പട്ടികകൾ അച്ചടിക്കേണ്ട കോപ്പികളുടെ എണ്ണം

5.3.1 വോട്ടർ പട്ടിക പുതുക്കുന്ന എല്ലാ സന്ദർഭങ്ങളിലും (അത് സമഗ്രമോ സംക്ഷിപ്തമോ ഭാഗികമായി സമഗ്രമോ ഭാഗികമായി സംക്ഷിപ്തമോ ആയിരുന്നാലും) ഓരോ നിയോജകമണ്ഡലത്തിന്റെയും വോട്ടർപട്ടികയുടെ രണ്ട് സമ്പൂർണ്ണ സെറ്റുകൾ സപ്ലിമെന്റുകളോടുകൂടി സൗജന്യമായി സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കൊടുക്കണം. വോട്ടർപട്ടിക എത്ര വേണമെന്ന് തിട്ടപ്പെടുത്തുമ്പോൾ, ഇനി പറയുന്ന കാര്യങ്ങൾ മുന്നിൽ കാണേണ്ടതാണ്.

5.3.2 ദേശീയ പാർട്ടികൾക്കും അംഗീകൃത കേരള സംസ്ഥാന പാർട്ടികൾക്കും 1968 ലെ Election Symbols (Reservation and Allotment) ഓർഡറിന്റെ ഖണ്ഡിക-10 പ്രകാരം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കേരള സംസ്ഥാനത്തു പ്രത്യേക തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചിട്ടുള്ള മറ്റ് രാഷ്ട്രീയ

പാർട്ടികൾക്കും വോട്ടർ പട്ടികയുടെ ഓരോ പ്രത്യേക ഭാഗത്തിന്റെയും രണ്ട് പകർപ്പുകൾ സൗജന്യമായി നൽകേണ്ടതാണ്.

5.3.3 രാഷ്ട്രീയ പാർട്ടികൾക്കും മറ്റുള്ളവർക്കും നൽകുന്ന വോട്ടർ പട്ടികയുടെ കോപ്പികൾ വോട്ടെടുപ്പ് സമയത്ത് പോളിംഗ് ബൂത്തുകളിൽ ഉപയോഗിക്കുന്ന വോട്ടർ പട്ടികയുടെ കോപ്പിയുമായി എല്ലാതരത്തിലും സമാനമായിരിക്കണം.

i) കഴിഞ്ഞ വർഷങ്ങളിലെ യഥാർത്ഥമായ ആവശ്യം കണക്കിലെടുത്ത് രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും വിൽക്കുന്നതിന് ആവശ്യമായ കോപ്പികൾ.
ii) ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെയും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെയും വരണാധികാരിയുടേയും ആഫീസുകളിൽ ഉപയോഗത്തിനായി സൂക്ഷിക്കാനാവശ്യമായ കോപ്പികൾ.
iii) റെക്കാർഡായി സൂക്ഷിക്കാനാവശ്യമായ കോപ്പികൾ.
iv) പോലീസ് അധികാരികൾക്ക് നൽകാൻ ആവശ്യമായ കോപ്പികൾ.
v) കരുതൽ സ്റ്റോക്കായി സൂക്ഷിക്കേണ്ട കോപ്പികൾ.

5.3.4 ഒന്നിലധികം ഭാഷകളിൽ വോട്ടർ പട്ടികകൾ അച്ചടിക്കുമ്പോൾ ഓരോ ഭാഷയിലും അച്ചടിക്കേണ്ട കോപ്പികളുടെ എണ്ണം പ്രത്യേകമായി തിട്ടപ്പെടുത്തേണ്ടതാണ്.

5.3.5 പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന വർഷം പുതുക്കൽ നടത്തിയതിനെത്തുടർന്നുള്ള അന്തിമ വോട്ടർ പട്ടികയുടെ രണ്ട് കോപ്പികൾ, പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻ തന്നെ നൽകേണ്ടതില്ല. എന്നാൽ, അവ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം നൽകേണ്ടതാണ്.

5.3.6 ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ എല്ലാ ഭാഗങ്ങളിലെയും വോട്ടർപട്ടിക തയ്യാറായാലുടൻ തന്നെ അവ 1-ആം നമ്പർ ഫാറത്തിൽ, ഫാറം 16-ലെ നോട്ടീസിനോടൊപ്പം, പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ വോട്ടർപട്ടികയുടെ ഭാഗത്തിനോടൊപ്പം അതിലെ കൂട്ടിചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ ക്രമത്തിൽ ചേർക്കേണ്ടതാണ്. അപ്രകാരം രൂപപ്പെടുത്തിയ വോട്ടർപട്ടിക കമ്മീഷന്റെ വെബ്സൈറ്റിലും ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ആഫീസിലും മറ്റ് ഓഫീസുകളിലും ഉടൻതന്നെ പ്രസിദ്ധപ്പെടുത്തണം. പ്രസിദ്ധപ്പെടുത്തലിന് മുൻപായി, വോട്ടർപട്ടിക ശ്രദ്ധാപൂർവ്വം ക്രമീകരിച്ചിട്ടുണ്ടെന്നും എല്ലാ വിധത്തിലും പൂർണമാണെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

അദ്ധ്യായം 6

അന്തിമമായി പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകൾ – സ്ഥാനമാറ്റവും ഒഴിവാക്കലും തിരുത്തലും

6.1 ഒരു വോട്ടർപട്ടികയിലെ ഏതെങ്കിലും ഉൾക്കുറിപ്പ്:-

i) ഏതെങ്കിലും വിശദാംശം സംബന്ധിച്ച് പിശകുള്ളതോ ന്യൂനതയുള്ളതോ ആണെന്നോ, അല്ലെങ്കിൽ

ii) ഒരു നിയോജകമണ്ഡലത്തിലെ സാധാരണ താമസസ്ഥലം മാറ്റി എന്ന കാരണത്താൽ ഒരാളുടെ പേര് മറ്റൊരു വോട്ടർ പട്ടികയിലേയ്ക്ക് മാറ്റേണ്ടതാണെന്നോ, അല്ലെങ്കിൽ

iii) ഒരു വോട്ടർ മരിച്ചുപോയെന്നോ അഥവാ സാധാരണ താമസക്കാരനല്ലാതായി തീർന്നെന്നോ അഥവാ പേര് രജിസ്റ്റർ ചെയ്യുന്നതിന് അവകാശം ഉള്ളവൻ അല്ലെന്നോ,

ലഭിക്കുന്ന അപേക്ഷയിൻമേലോ സ്വമേധയായോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് യുക്തമെന്നു തോന്നുന്ന അന്വേഷണ-വിചാരണയ്ക്കു ശേഷം ബോധ്യപ്പെടുന്ന പക്ഷം ആ ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുകയോ സ്ഥാനം മാറ്റുകയോ നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ്. അതുപോലെ, ഒരു നിയോജക മണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും ആ പട്ടികയിൽ തന്റെ പേര് ഉൾപ്പെടുത്തുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതാണ്. [KPR Act Sn.23, 24 & KM Act Sn. 79, 80]

6.2 അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം 1994 –ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 23, 24 എന്നീ വകുപ്പുകൾ പ്രകാരമോ 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 എന്നീ വകുപ്പുകൾ പ്രകാരമോ സമർപ്പിക്കുന്ന ആക്ഷേപമോ അവകാശവാദമോ ഏത് സമയത്തും സ്വീകരിക്കേണ്ടതും എന്നാൽ നിയമപ്രകാരമുള്ള നടപടികൾ ആയതിന്മേൽ എടുക്കേണ്ടതായിട്ടുള്ള തിനാൽ നാമനിർദ്ദേശപത്രികകൾ സ്വീകരിക്കുന്ന അവസാന ദിവസത്തിന് 10 ദിവസം മുമ്പുവരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ മാത്രം നടപടികൾ സ്വീകരിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന അപേക്ഷകളിന്മേൽ തിരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷവും നടപടി സ്വീകരിക്കേണ്ടതാണ്.

6.3 16–ആം ചട്ടപ്രകാരം ഏതെങ്കിലും അവകാശവാദത്തിന്റെ അല്ലെങ്കിൽ ആക്ഷേപത്തിന്റെ സാധുത ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ താൻ പ്രദർശിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ അത് ചേർക്കപ്പെട്ട തീയതി മുതൽ ഒരാഴ്ച കഴിഞ്ഞതിനുശേഷം അദ്ദേഹത്തിന് കൂടുതൽ അന്വേഷണമൊന്നും കൂടാതെ തന്നെ അത് അനുവദിക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ള അവകാശവാദമോ, ആക്ഷേപമോ അനുവദിക്കുന്നതിനു മുൻപായി, ഏതെങ്കിലും ആൾ അന്വേഷണം വേണമെന്ന് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോട് രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ കൂടുതൽ അന്വേഷണം ഇല്ലാതെ ആ അവകാശവാദമോ ആക്ഷേപമോ അനുവദിക്കാൻ പാടില്ല. മറ്റ് എല്ലാ സംഗതികളിലും അവകാശവാദികൾക്കും ആക്ഷേപകർക്കും, അതുപോലെ ആരുടെ പേര് ചേർക്കുന്നതിലാണോ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളത് ആ പേരുകാർക്കും വ്യക്തിഗത നോട്ടീസ് അയയ്ക്കേണ്ടതാണ്.

6.4 അതത് സംഗതിപോലെ 4, 6, 7 എന്നീ നമ്പർ ഫാറങ്ങളിൽ ഓൺലൈനായി വേണം രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടത്. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5–ൽ ഓൺലൈനായി സമർപ്പിച്ച് അതിന്റെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കണം. ഓൺലൈനായി സമർപ്പിക്കാതെ ഫാറം 5–ൽ നേരിട്ടോ തപാലിലൂടെയോ നൽകുന്ന ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതാണ്. ഫാറം 8–ലെ അപേക്ഷ ഡ്യൂപ്ലിക്കേറ്റായി നേരിട്ടോ തപാലിലൂടെയോ സമർപ്പിക്കേണ്ടതാണ്. എല്ലാ ആക്ഷേപങ്ങൾക്കും അപേക്ഷകൾക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

6.5 ഏതെങ്കിലും സംഘടനയോ രാഷ്ട്രീയ പാർട്ടിയോ ഒരുമിച്ച് സമർപ്പിക്കുന്ന/അയയ്ക്കുന്ന ആക്ഷേപങ്ങൾ/അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല.

6.6 കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23-ആം വകുപ്പ പ്രകാരമോ അല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79-ആം വകുപ്പ പ്രകാരമോ ഒരു വ്യക്തി ആ നിയോജകമണ്ഡലത്തിൽ/വാർഡിൽ താമസക്കാരനല്ലാതായി തീർന്നുവെന്നോ അല്ലെങ്കിൽ ആ നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ വോട്ടർപട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടാൻ മറ്റുവിധത്തിൽ അവകാശമില്ലെന്നോ ഉള്ള കാരണത്താൽ ഒരു ഉൾക്കുറിപ്പ് ഭേദഗതി വരുത്തുകയോ സ്ഥാനമാറ്റം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുമുമ്പ് തിരഞ്ഞെടുപ്പ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആളിന് പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നിർബന്ധമായും നൽകേണ്ടതാണ്. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പ്രസ്തുത വോട്ടർ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ, ഫാറം നമ്പർ 4-ലും ഉൾപ്പെടുത്തിയതിനെതിരെയുള്ള ആക്ഷേപം, ഫാറം നമ്പർ 5-ലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാം.

6.7 അതുപോലെതന്നെ അന്തിമവോട്ടർപട്ടികയിലെ ഉൾക്കുറിപ്പിൽ തന്നെക്കുറിച്ചുള്ള പിശകായ ഒരു വിവരം തിരുത്തുന്നതിന് ഫാറം നമ്പർ 6-ൽ ആക്ഷേപം നൽകാവുന്നതാണ്. ഒരാളുടെ സാധാരണ താമസത്തിൽ വന്ന മാറ്റം കാരണം, അയാളുടെ പേര് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജകമണ്ഡലത്തിൽ/വാർഡിൽ നിന്നും പ്രസ്തുത സ്ഥാപനത്തിലെ മറ്റൊരു നിയോജക മണ്ഡലത്തിലേക്കോ/വാർഡിലേയ്ക്കോ, അല്ലെങ്കിൽ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ തന്നെ ഒരു ഭാഗത്തു നിന്നും മറ്റൊരു ഭാഗത്തേക്കോ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ ഫാറം നമ്പർ 7-ലും സമർപ്പിക്കാവുന്നതാണ്.

6.8 അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെട്ട ഒരാൾ മരണപ്പെട്ട സാഹചര്യത്തിലോ സാധാരണ താമസം അവസാനിപ്പിച്ച സാഹചര്യത്തിലോ അല്ലെങ്കിൽ അയോഗ്യതമൂലമോ അയാളുടെ പേര് നീക്കം ചെയ്യുന്നതിന് ഫാറം നമ്പർ 8-ലും അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

6.9 മേൽപ്പറഞ്ഞ സംഗതികളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ നടപടി ആരെയാണോ ബാധിക്കുന്നത് അവർക്കു പറയാനുള്ളത് പറയാനുള്ള അവസരം നൽകേണ്ടതാണ്. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം മേൽപ്രകാരമുള്ള അപേക്ഷകൾ/ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയ പരിധി കമ്മീഷനാണ് നിശ്ചയിച്ചു അറിയിക്കുന്നത്. ഫാറം നമ്പർ 8-ലെ അപേക്ഷയ്ക്ക് നൽകുന്ന നോട്ടീസിന്റെ മാതൃക ചുവടെ ചേർക്കുന്നു.

(ഫാറം - 8)

നോട്ടീസ്

....

....

.... (മേൽവിലാസം)

.... കാരണത്താൽ .... നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ വോട്ടർ പട്ടികയിൽ നിന്നും താങ്കളുടെ പേര് നീക്കം ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നതിനാൽ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 23-ആം വകുപ്പ് പ്രകാരം അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 79-ആം വകുപ്പ് പ്രകാരം, താങ്കൾക്കെതിരെ മേൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടി എന്തുകൊണ്ട് എടുത്തുകൂടാ എന്നതിന് കാരണം കാണിക്കാൻ താങ്കളോട് ഇതിനാൽ ആവശ്യപ്പെടുന്നു.

താങ്കളുടെ മറുപടി .... (തീയതി) .... മണിയോടുകൂടി കിട്ടിയിരിക്കേണ്ടതാണ്.

താങ്കളെ നേരിൽ കേൾക്കണമെന്നുണ്ടെങ്കിൽ, താങ്കളുടെ വാദങ്ങൾക്ക് അടിസ്ഥാനമായി ഹാജരാക്കാൻ ഉദ്ദേശിക്കുന്ന തെളിവുകൾ സഹിതം താങ്കൾ നേരിട്ടോ യഥാവിധി, അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ .... തീയതി .... മണിക്കു ഹാജരാകേണ്ടതാണ്.

ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ

.... പഞ്ചായത്ത്/മുനിസിപ്പാലിറ്റി

സ്ഥലം..........................

തീയതി.........................

6.10 വോട്ടർ പട്ടികയിലെ ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതിക്കോ സ്ഥാനം മാറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ, വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനോ സമർപ്പിക്കുന്ന അപേക്ഷകൾ അവ ലഭിച്ച് കഴിഞ്ഞാലുടൻ തന്നെ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അതിന്റെ ഒരു കോപ്പി തന്റെ ഓഫീസിലുള്ള നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ആ തീയതി മുതൽ 7 ദിവസത്തിനകം അപേക്ഷയിന്മേലുള്ള ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള ഒരു നോട്ടീസും അതോടൊപ്പം പ്രദർശിപ്പിക്കേണ്ടതുമാണ്.

6.11 നോട്ടീസ് കാലാവധി കഴിഞ്ഞാൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അപേക്ഷകളും അതിൻമേൽ ആക്ഷേപങ്ങൾ ഏതെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അവയും പരിശോധിച്ച് ആവശ്യമായ അന്വേഷണത്തിനുശേഷം വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്തുവാനോ ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുന്നതിനോ സ്ഥാനം മാറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. പേരുൾപ്പെടുത്തുന്നതിനുള്ള സംഗതിയിൽ അപേക്ഷകൻ മറ്റേതെങ്കിലും ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ ഉടൻതന്നെ ആ വിവരം അയാളുടെ പേര് ഇതിനകം ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും, അറിയിപ്പ് കിട്ടിയാലുടൻ ആ ഉദ്യോഗസ്ഥൻ അയാളുടെ പേര് പട്ടികയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഈ സംവിധാനം ഓൺലൈനിൽ ലഭ്യമാണ്. നിരസിക്കപ്പെടുന്ന അപേക്ഷകളിൽ നിരസിക്കപ്പെടുന്നതിനുണ്ടായ കാരണങ്ങളുടെ ചുരുക്കത്തിലുള്ള ഒരു പ്രസ്താവന ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ അനുവദിക്കുകയോ നിരസിക്കപ്പെടുകയോ ചെയ്യപ്പെടുന്ന വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. 4, 5, 6, 7 എന്നീ നമ്പർ ഫാറങ്ങളിൽ അപേക്ഷകന് നൽകേണ്ട അറിയിപ്പ് ചീട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 7
അതിർത്തി പുനർനിർണയത്തിനു ശേഷം
വോട്ടർ പട്ടികയുടെ ക്രമീകരണം

7.1 നിലവിലെ വോട്ടർപട്ടിക പുനക്രമീകരിക്കൽ

7.1.1 നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ അതിർത്തി പുനർനിർണയം നടത്തുന്ന സാഹചര്യത്തിൽ, നിലവിലുള്ള നിയോജകമണ്ഡലത്തിന്റെ/ വാർഡിന്റെ വോട്ടർപട്ടിക അതിനനുസൃതമായി ക്രമീകരിക്കേണ്ടതാണ്. അതിനുള്ള നിർദ്ദേശം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്നതാണ്.

7.1.2 അപ്രകാരമുള്ള പുതിയ നിയോജകമണ്ഡലത്തിൽ/വാർഡിൽ ഉൾപ്പെട്ടുവരുന്ന നിലവിലുള്ള നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ അല്ലെങ്കിൽ അതിന്റെ ഭാഗങ്ങളുടെ പട്ടികകൾ ക്രമീകരിച്ചും, വിന്യാസത്തിലും ക്രമനമ്പരിലും ഹെഡിംഗുകളിലും അതിനനുസൃതമായ മാറ്റങ്ങൾ വരുത്തിയും പട്ടിക തയ്യാറാക്കേണതാണ്. ചട്ടം 21(1)-ൽ പറഞ്ഞിട്ടുള്ള വിധത്തിൽ അപ്രകാരം തയ്യാറാക്കിയ പട്ടികകൾ പ്രസിദ്ധീകരിക്കേണ്ടതും, പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അത് പുതിയ നിയോജകമണ്ഡലത്തിന്റെ/ വാർഡിന്റെ വോട്ടർ പട്ടികയായി മാറുന്നതുമാണ്.

7.2 വോട്ടർപട്ടിക ക്രമീകരിക്കുന്ന വിധം

i) ഡീലിമിറ്റേഷൻ വിജ്ഞാപന പ്രകാരം നിലവിലെ വോട്ടർപട്ടിക നിർദ്ദിഷ്ട വാർഡുകളിലേക്ക് ക്രമീകരിക്കണം.

ii) ERO മാർ ERMS സോഫ്റ്റ്വെയറിൽ നിർദ്ദിഷ്ട വാർഡുകളുടെ നമ്പരും പേരും എൻട്രി വരുത്തണം.

iii) തുടർന്ന് Bulk Transposition Facility മുഖാന്തിരം പട്ടിക ക്രമീകരിക്കണം.

iv) ഡീലിമിറ്റേഷൻ കമ്മീഷന്റെ വാർഡ് വിഭജന വിജ്ഞാപനത്തോടൊപ്പമുള്ള അനുബന്ധം 2/2എ ൽ വിവരിക്കുന്ന നിലവിലെ വാർഡ്, കെട്ടിട നമ്പരുകൾ അടിസ്ഥാനമാക്കി വേണം പട്ടിക ക്രമീകരിക്കേണ്ടത്.

v) നിലവിലുള്ള ഓരോ വാർഡിലെയും വോട്ടർമാരുടെ നിലവിലെ വീട്ടു നമ്പർ പരിശോധിച്ച് വേണം നിർദ്ദിഷ്ട വാർഡിലേക്ക് ക്രമീകരിക്കേണ്ടത്.

vi) അപ്രകാരം നിലവിലെ എല്ലാ വാർഡുകളിലെയും വോട്ടർമാരെ ക്രമീകരിക്കുന്നതോടെ നിർദ്ദിഷ്ട വാർഡുകളിലെ പട്ടിക ലഭ്യമാകും.

vii) ഓരോ നിർദ്ദിഷ്ട വാർഡിലെയും വോട്ടർമാരുടെ എണ്ണം പരിശോധിച്ച് വേണം ആ വാർഡിൽ വേണ്ട പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം നിശ്ചയിക്കേണ്ടത്.

viii) തുടർന്ന്, ERMS സോഫ്റ്റ്വെയറിൽ പോളിംഗ് സ്റ്റേഷനുകളുടെ നമ്പരും പേരും ERO മാർ എൻട്രി വരുത്തണം.

ix) നിർദ്ദിഷ്ട വാർഡുകളിൽ ക്രമീകരിച്ച വോട്ടർപട്ടിക പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് പുനഃക്രമീകരിച്ച് ഭാഗങ്ങളാക്കണം.

x) അപ്രകാരം, കരട് വോട്ടർപട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കണം.

അദ്ധ്യായം 8
അപ്പീലുകൾ

8.1 തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെയുള്ള അപ്പീൽ

8.1.1 വോട്ടർപട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്ന പ്രക്രിയയിൽ, 1994 – ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 18, 19, 20 എന്നീ ചട്ടങ്ങൾക്കു കീഴിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻമാർ എടുക്കുന്ന ഏതു തീരുമാനത്തിൻമേലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അപ്പീൽ അധികാരിയായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുൻപാകെ, അതത് സംഗതിപോലെ, അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു കോപ്പിയും, 2 രൂപ ഫീസ് നോൺ ജുഡീഷ്യൽ സ്റ്റാമ്പായോ, കോർട്ടുഫീ സ്റ്റാമ്പായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ അപ്പീലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8.1.2 എന്നാൽ, രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ മുൻപാകെ പറയാനുള്ളത് പറയാനോ അല്ലെങ്കിൽ നിവേദനം സമർപ്പിക്കുന്നതിനോ ഉള്ള അവകാശം അപ്പീൽവാദി പ്രയോജനപ്പെടുത്തിയിട്ടില്ലെങ്കിൽ അപ്പീൽ ബോധിപ്പിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. അപ്പീൽ സമർപ്പിച്ച എന്ന കാരണത്താൽ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യേണ്ടതില്ല. അപ്പീൽ ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിലായിരിക്കേണ്ടതും അപ്പീൽവാദി അതിൽ ഒപ്പിടേണ്ടതുമാണ്. അത് അപ്പീൽ അധികാരിക്ക് നേരിട്ടോ രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കാവുന്നതാണ്. ഈ രണ്ടു സംഗതികളിലും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ തീരുമാനം അറിയിച്ചുകൊണ്ടുള്ള തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ, അപ്പീൽ അധികാരിക്ക് ലഭിച്ചിരിക്കണം. അപ്പീൽ ലഭിച്ചുകഴിഞ്ഞാൽ, അത് നിർണയിക്കപ്പെട്ട സമയത്തിനകത്തും ആവശ്യപ്പെട്ടിരിക്കുന്ന രീതിയിലും സമർപ്പിച്ചിട്ടുണ്ടെന്ന് അപ്പീൽ അധികാരി സ്വയം ബോദ്ധ്യപ്പെടണം. കാലഹരണപ്പെട്ടതോ നിർണയിക്കപ്പെട്ട രീതിയിൽ അല്ലാത്തതോ ആയ അപ്പീലുകൾ ഉടനടി നിരസിക്കേണ്ടതാണ്. അപ്പീൽ ക്രമത്തിലാണെങ്കിൽ അപ്പീൽ അധികാരി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെടേണ്ടതാണ്. അപ്പീലിൻമേൽ തന്റെ അന്തിമ തീരുമാനം രേഖപ്പെടുത്തുന്നതിനു മുമ്പായി അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയാൻ ന്യായമായ അവസരം നൽകേണ്ടതാണ്. അപ്പീൽ അധികാരിയുടെ ഉത്തരവ് അന്തിമമായിരിക്കും. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ തീരുമാനം അപ്പീൽ അധികാരി രൂപഭേദപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അപ്പീൽ അധികാരിയുടെ തീരുമാനത്തിന് അദ്ദേഹം ആ തീരുമാനം എടുക്കുന്ന ദിവസം മുതൽ മാത്രമേ പ്രാബല്യമുണ്ടാകുകയുള്ളൂ. അപ്പീലിൻമേൽ 3 ദിവസത്തിനകം തീർപ്പ് കൽപ്പിക്കണം. അപ്പീൽ അധികാരിയുടെ ഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ നോമിനേഷൻ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കു മുമ്പായിട്ടാണ് അത് കിട്ടുന്നതെങ്കിൽ ആ തീരുമാനം നടപ്പിലാക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ വോട്ടർപട്ടികയിൽ ഭേദഗതി വരുത്തേണ്ടതാണ്.

8.2 ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുമ്പാകെയുള്ള അപ്പീൽ

8.2.1 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 23, 24 എന്നീ വകുപ്പുകൾ പ്രകാരമോ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 79, 80 എന്നീ വകുപ്പുകൾ പ്രകാരമോ ഒരപേക്ഷ നിരസിച്ചതിനെതിരെയുള്ള ഒരു അപ്പീൽ (വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ പ്രസിദ്ധീകരിച്ച സമയ വിവര പട്ടിക നിലവിലില്ലാത്ത സമയത്ത് സമർപ്പിക്കുന്ന അപേക്ഷ നിരസിച്ചതിനെതിരെയുള്ള) അങ്ങനെ നിരസിച്ച തിയതി മുതൽ 15 ദിവസത്തിനകം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

8.2.2 അപ്പീൽ, അപ്പീൽവാദി ഒപ്പുവച്ച ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിലായിരിക്കേണ്ടതും ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു കോപ്പിയും 10 രൂപ ഫീസും അതോടൊപ്പമുണ്ടായിരിക്കേണ്ടതുമാണ്. ഫീസ് നോൺജുഡീഷ്യൽ സ്റ്റാമ്പായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ നൽകണം. ഫീസ്

കൊടുത്തുവെന്നതിന് തെളിവായി ഉദ്യോഗസ്ഥൻ നൽകിയ രസീത് അപ്പീലിനോടൊപ്പം വയ്ക്കണം. ഏതു ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത്, ആ ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകത്ത്, നേരിട്ടോ അല്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റായോ, ആ കാലയളവിനുള്ളിൽ അപ്പീൽ അധികാരിക്ക് കിട്ടത്തക്കവണ്ണം അപ്പീൽ സമർപ്പിച്ചിരിക്കണം. എന്നാൽ തക്കതായ കാരണത്താലാണ് സമയ പരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാത്തത് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ബോധ്യമായാൽ അപ്പീൽ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കാവുന്നതാണ്.

അദ്ധ്യായം 9
വോട്ടർ പട്ടികകളുടെയും ബന്ധപ്പെട്ട രേഖകളുടെയും സൂക്ഷിപ്പും സംരക്ഷണവും

9.1 രേഖകളുടെ സൂക്ഷിപ്പ്

9.1.1 ഏതെങ്കിലും നിയോജകമണ്ഡലത്തിന്റെ വോട്ടർ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ താഴെപ്പറയുന്ന രേഖകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഓഫീസിലോ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഇതിലേയ്ക്കായി പ്രത്യേക ഉത്തരവ് വഴി നിർദ്ദേശിക്കുന്ന സ്ഥലത്തോ, പ്രസ്തുത പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം അടുത്ത് വരുന്ന സമഗ്രമായ പുതുക്കൽ കഴിഞ്ഞ് ഒരു വർഷം കഴിയുന്നതുവരെ, ഭദ്രമായി സൂക്ഷിക്കേണ്ടതാണെന്ന് 27-ആം ചട്ടം അനുശാസിക്കുന്നു.

i) വോട്ടർ പട്ടികയുടെ ഒരു പ്രതി.
ii) 6-ആം ചട്ടപ്രകാരം രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കപ്പെട്ട പ്രസ്താവനകൾ.
iii) എന്യൂമറേഷൻ ഫാറങ്ങളുടെ രജിസ്റ്റർ.
iv) പട്ടിക തയ്യാറാക്കലുമായി ബന്ധപ്പെട്ട അപേക്ഷകൾ.
v) എന്യൂമറേറ്റിംഗ് ഏജൻസികൾ തയ്യാറാക്കിയതും പട്ടിക തയ്യാറാക്കുന്നതിന് ഉപയോഗിച്ചതുമായ കയ്യെഴുത്ത് ഭാഗങ്ങൾ.
vi) അവകാശവാദങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച രേഖകൾ.
vii) 22 -ആം ചട്ട പ്രകാരമുള്ള അപ്പീലുമായി ബന്ധപ്പെട്ട രേഖകൾ.
viii) കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23, 24 എന്നീ വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79, 80 വകുപ്പുകൾ പ്രകാരവുമുള്ള അപേക്ഷകൾ.

9.1.2 ഓരോ നിയോജകമണ്ഡലത്തിന്റെയും/വാർഡിന്റെയും വോട്ടർപട്ടികയുടെ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു മുഴുവൻ പ്രതിയും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിരം രേഖയായി സൂക്ഷിക്കേണ്ടതാണ്. 27-ആം ചട്ട പ്രകാരം സൂക്ഷിക്കുന്ന രേഖകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതാണ്.

9.1.3 മേൽ പരാമർശിക്കപ്പെട്ട വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനും നിശ്ചയിക്കപ്പെട്ട ഫീസുകൾ നൽകി അവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ നേടുന്നതിനും ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കുമെന്ന് 28-ആം ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ സാഹചര്യത്തിൽ വോട്ടർപട്ടികയും അതുമായി ബന്ധപ്പെട്ട രേഖകളും സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

9.1.4 27-ആം ചട്ടത്തിൽ പരാമർശിക്കപ്പെട്ട രേഖകൾ പ്രസ്തുത ചട്ടത്തിൽ പറയുന്ന കാലാവധി കഴിഞ്ഞശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായി, ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ, ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം നശിപ്പിക്കേണ്ടതാണ്.

9.2 വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പുകൾ

9.2.1 തിരഞ്ഞെടുപ്പിനു വേണ്ടി വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പ് തയ്യാറാക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട പോളിംഗ് ബൂത്തുകളെ സംബന്ധിക്കുന്ന വോട്ടർ പട്ടികയുടെ പകർപ്പുകൾ (മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ 3 സെറ്റും, ത്രിതലപഞ്ചായത്തുകളുടെ കാര്യത്തിൽ 5 സെറ്റും) വരണാധികാരിക്ക് നൽകേണ്ടതാണ്. ഈ സെറ്റുകളെല്ലാം സമാനമായിരിക്കണം. അതായത് ഒരോ സെറ്റിലും:-

i) 'ഒഴിവാക്കലുകൾ' പട്ടികയിൽ ഉൾപ്പെട്ടവരുടെ അടിസ്ഥാന പട്ടികയിലെ പേരിനു നേരെ **'DELETED'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
ii) 'തിരുത്തലുകൾ' പട്ടികയിലെ രേഖപ്പെടുത്തലുകൾ അടിസ്ഥാന പട്ടികയിലെ ഉൾക്കുറിപ്പുകളിലും വരുത്തേണ്ടതാണ്.

അദ്ധ്യായം 10
പ്രവാസി ഭാരതീയർക്കുള്ള വോട്ടർപട്ടിക

10.1 വോട്ടർപട്ടികയിൽ പേര് ചേർക്കൽ

10.1.1 കേരള പഞ്ചായത്ത് രാജ് ആക്ടിലെ 21 എ വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 77 എ വകുപ്പും പ്രകാരം, 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ (1950-ലെ 43-ആം കേന്ദ്ര ആക്ട്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരതപൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലേയ്ക്കുള്ള വോട്ടർപട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് അവരുടെ പാസ്പ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ സമ്മതിദായക പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 6 ബി പ്രകാരം ഫാറം 4എ-ൽ അപേക്ഷ ബന്ധപ്പെട്ട ഇലക്ടറൽ **രജിസ്ട്രേഷൻ ഓഫീസർക്ക്** സമർപ്പിക്കേണ്ടതാണ്. (ഫാറം 4 എ-യുടെ മാതൃക അനുബന്ധം 4 ലും 21 ലും ചേർത്തിട്ടുണ്ട്).

10.1.2 സമ്മതിദായക പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

10.2 അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓരോ പ്രവാസി ഭാരതീയനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ https://www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ഹോം പേജിലുള്ള Voter services for Pravassi Voters എന്ന ഭാഗത്തെ Name Inclusion എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി Submit ചെയ്യേണ്ടതാണ്.

ii) ഫാറം 4 എ-യിലുള്ള പ്രസ്തുത അപേക്ഷയുടെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി, ഫോട്ടോ ഇതിനോടകം അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ ഫോട്ടോ പതിച്ച്, തന്റെ പാസ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ട് നൽകുകയോ രജിസ്റ്റേർഡ് തപാൽമാർഗ്ഗം അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

iii) നേരിട്ടോ തപാൽവഴിയോ അയയ്ക്കുന്ന ഫാറം 4എ -ലെ അപേക്ഷയോടൊപ്പം, പ്രസ്തുത അപേക്ഷയിലെ (എ) മുതൽ (ഐ) വരെ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷ നേരിട്ട് സമർപ്പിക്കുന്ന പക്ഷം പാസ്പോർട്ടിന്റെ അസൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

iv) കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതാ തീയതിയിലോ അതിന് മുമ്പോ 18 വയസ് പൂർത്തിയായവരും വിദേശ രാജ്യത്ത് താമസിക്കുകയും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ.

v) അപേക്ഷകന്റെ വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ലഭ്യമാക്കണം.

vi) ഫാറം 4എ-യിലുള്ള അപേക്ഷ തയ്യാറാക്കുന്നതിനായി പ്രസ്തുത ഫാറങ്ങളോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

vii) ഇപ്രകാരം വോട്ടർപട്ടികയിൽ പേരു ചേർക്കപ്പെടുന്ന പ്രവാസി ഭാരതീയർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി അസൽ പാസ്പോർട്ട് ഹാജരാക്കുന്ന പക്ഷം വോട്ട് ചെയ്യാവുന്നതാണ്.

viii) പ്രവാസിഭാരതീയ സമ്മതിദായകനെന്ന നിലയിൽ പേര് ഉൾപ്പെടുത്തുന്നതിനെക്കുറിച്ചോ/ ഉൾക്കുറിപ്പുകളെക്കുറിച്ചോ ഉള്ള ആക്ഷേപങ്ങൾ ഫാറം 5/ഫാറം 6-ൽ സമർപ്പിക്കാവുന്നതാണ്.

10.3 ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

i) തപാലിലൂടെയോ നേരിട്ടോ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകരുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിലാസത്തിൽ നേരിട്ട് അന്വേഷണം നടത്തേണ്ടതാണ്.

ii) കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതാ തീയതിയിലോ അതിന് മുമ്പോ 18 വയസ് പൂർത്തിയായവരും വിദേശ രാജ്യത്ത് താമസിക്കുന്നതും വിദേശ രാജ്യത്തിൻ്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായ ഇന്ത്യൻപൗരനാണ് അപേക്ഷകനെന്ന് ഉറപ്പാക്കേണ്ടതാണ്.

iii) നിലവിലുള്ള പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുള്ളതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

iv) അപേക്ഷ തപാൽ മുഖേനയാണ് അയക്കുന്നതെങ്കിൽ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപേക്ഷ നേരിട്ട് ഹാജരാക്കുന്നപക്ഷം പാസ്പോർട്ടിന്റെ അസൽ കൂടി പരിശോധിക്കണം.

v) അപേക്ഷയോടൊപ്പം അപേക്ഷകന്റെ വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത, പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.

vi) നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോയും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

vii) അപേക്ഷകൻ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം നിലവിൽ തയ്യാറാക്കിയിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

viii) മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന മുഴുവൻ അപേക്ഷകളിൻമേലും നിശ്ചിത സമയത്തിന് മുമ്പ് അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ix) പ്രസ്തുത നടപടി വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതും കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ അവ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

x) പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേക പട്ടികയായി വേണം പ്രസിദ്ധീകരിക്കേണ്ടത്.

xi) പ്രവാസിഭാരതീയരുടെ വോട്ടർപട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.

അദ്ധ്യായം 11
സമ്മതിദായകർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള നടപടികൾ

11.1 വോട്ടർപട്ടികയിൽ പേര് ചേർക്കൽ

11.1.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അതിന്മേലുള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അവകാശവാദ അപേക്ഷയും (ഫാറം 4) നിലവിലുള്ള വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശങ്ങൾക്കെതിരെയുള്ള ആക്ഷേപവും (ഫാറം 6) വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയും (ഫാറം 7) ഓൺലൈനിലൂടെ സമർപ്പിക്കേണ്ടതാണ്. എന്നാൽ, വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5-ൽ ഓൺലൈനായി സമർപ്പിച്ച് അതിന്റെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. **ഓൺലൈനായി** സമർപ്പിക്കാതെ ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോ നൽകാവുന്നതുമാണ്.

11.2 വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

i) ഓൺലൈൻ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായി മനസ്സിലാക്കുന്നതിന് വെബ്സൈറ്റിൽ നൽകിയിരിക്കുന്ന സ്ക്രീൻ കാസ്റ്റ് സേവനം പ്രയോജനപ്പെടുത്തുക. സ്ക്രീൻ കാസ്റ്റിൽ കാലാനുസൃതമായ മാറ്റം വരാം

ii) ഫാറത്തിൽ പേര്, മൊബൈൽ നമ്പർ, പാസ്സ് വേർഡ് എന്നിവ നൽകിയതിനു ശേഷം capcha നൽകി തൊട്ടുതാഴെ തെന്നയുള്ള ഡാറ്റാ പ്രൊട്ടക്ഷൻ സ്റ്റേറ്റ്മെന്റ് ടിക് ചെയ്ത് SUBMIT ബട്ടൺ ക്ലിക്ക് ചെയ്യണം

iii) നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ ലഭിക്കുന്ന OTP നൽകി വീണ്ടും Login ൽ യൂസർ നെയിം ആയി മൊബൈൽ നമ്പർ നൽകിയും രജിസ്ട്രേഷൻ സമയത്ത് നൽകിയ പാസ്സ്വേർഡ് നൽകി വോട്ടേഴ്സ് സേവനത്തിനു വേണ്ടി **വെബ് സൈറ്റിൽ പ്രവേശിക്കുക.**

iv) പേര് ചേർക്കുന്നതിനും നിലവിലുള്ള വിവരങ്ങൾ തിരുത്തുന്നതിനും സ്ഥാനമാറ്റം ചെയ്യുന്നതിനും ലഭ്യമാക്കിയിട്ടുള്ള സേവനം ഉപയോഗിക്കാവുന്നതാണ്.

v) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് പേര് ഉൾപ്പെടുത്തുന്നതിന് Name Inclusion ബട്ടണിൽ ക്ലിക് ചെയ്യണം.

vi) ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/വാർഡ്, ഭാഗം നമ്പർ എന്നിവ ക്രമത്തിൽ തിരഞ്ഞെടുക്കണം (select ചെയ്യണം). അതിന് ശേഷം പേര്, വയസ്സ്, ലിംഗം, മേൽവിലാസം, രക്ഷകർത്താവിന്റെ പേര് തുടങ്ങിയ മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തണം.

vii) ഇപ്രകാരം പൂരിപ്പിക്കുമ്പോൾ ഇലക്ടറൽ ഐഡന്റിറ്റി കാർഡ്, ഫോൺനമ്പർ എന്നിവ ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ കൂടി നൽകേണ്ടതാണ്. അപേക്ഷകന്റെ പേര് മറ്റൊരു പഞ്ചായത്തിൽ/നഗരസഭയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള ഭാഗം കൃത്യമായും പൂരിപ്പിക്കേണ്ടതാണ് (ഇക്കാര്യത്തിൽ വ്യാജമായ പ്രസ്താവന നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 27-ആം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84-ആം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്).

viii) പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷയിൽ ഏതു വോട്ടർ പട്ടികയിലാണ് പേര് ചേർക്കാൻ ആഗ്രഹിക്കുന്നത് ആ വോട്ടർപട്ടികയിൽ ഇതിനോടകം പേര് ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബാംഗങ്ങളുടെയോ തൊട്ടടുത്ത താമസക്കാരന്റെയോ വോട്ടർപട്ടികയിലെ ക്രമ നമ്പറും കൂടി ചേർക്കേണ്ടതാണ്.

ix) ഫാറം, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പൂരിപ്പിക്കണം. മറ്റ് പ്രാദേശിക ഭാഷകളായ തമിഴ്, കന്നട ഉപയോഗിക്കുന്നവർ അതാത് ഭാഷകളിൽ കൂടി ഫാറം പൂരിപ്പിക്കേണ്ടതാണ്.

x) ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ ഫാറം 12–ൽ അപേക്ഷകന് തീയതിയും സമയവും സ്ഥലവും നിശ്ചയിച്ച് കമ്പ്യൂട്ടർ തയ്യാറാക്കിയ ഹിയറിംഗ് നോട്ടീസ് ലഭിയ്ക്കുന്നതാണ്.

xi) അപേക്ഷകൻ രേഖകൾ സഹിതം നിശ്ചിത സമയത്ത് തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നേർവിചാരണയ്ക്ക് ഹാജരാകേണ്ടതാണ്.

xii) ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കും. അപ്രകാരം ഫോട്ടോ അപ് ലോഡ് ചെയ്യാത്തവർ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹിയറിംഗിന് ഹാജരാകുന്ന സമയത്ത് പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഹാജരാക്കേണ്ടതാണ്.

അനുബന്ധം

അനുബന്ധം 1

ഫാറം 1

(ചട്ടം 3 കാണുക)

പഞ്ചായത്ത് തിരഞ്ഞെടുപ്പ്
വോട്ടർപട്ടിക 20........

ജില്ല:..

1	ഗ്രാമപഞ്ചായത്ത് (നമ്പരും പേരും)		
2	നിയോജകമണ്ഡലം (നമ്പരും പേരും)		
3	ഭാഗം നമ്പർ		
4	പോളിംഗ് സ്റ്റേഷൻ	നമ്പരും പേരും	
		പോളിംഗ് പ്രദേശം	വീട്ട് നമ്പരുകൾ
5	ബ്ലോക്ക് പഞ്ചായത്ത്	നമ്പരും പേരും	
		നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും	
6	ജില്ലാ പഞ്ചായത്ത്	നമ്പരും പേരും	
		നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും	
7	സംവരണം	ഗ്രാമപഞ്ചായത്ത്	
		ബ്ലോക്ക് പഞ്ചായത്ത്	
		ജില്ലാ പഞ്ചായത്ത്	
8	യോഗ്യത കണക്കാക്കുന്ന തീയതി		
9	വോട്ടർപട്ടിക പ്രസിദ്ധീകരിച്ച തീയതി		
10	വോട്ടർമാർ (എണ്ണം)	പുരുഷന്മാർ	
		സ്ത്രീകൾ	
		ട്രാൻസ്ജെൻഡർ	
		ആകെ	
11	കൂട്ടിച്ചേർക്കലുകൾ (എണ്ണം)	പുരുഷന്മാർ	
		സ്ത്രീകൾ	
		ട്രാൻസ്ജെൻഡർ	
		ആകെ	
12	ഒഴിവാക്കലുകൾ (എണ്ണം)	പുരുഷന്മാർ	
		സ്ത്രീകൾ	
		ട്രാൻസ്ജെൻഡർ	
		ആകെ	
13	ആകെ (എണ്ണം)	പുരുഷന്മാർ	
		സ്ത്രീകൾ	
		ട്രാൻസ്ജെൻഡർ	
		ആകെ	

01.01.20...... ൽ പൂർത്തിയായ വയസ്സ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

വോട്ടർ പട്ടിക

ഭാഗം നമ്പർ:

Sl.No. ഫോട്ടോ	Sl.No. ഫോട്ടോ	ഫോട്ടോ ഫോട്ടോ
പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:

1-1-20......ൽ പൂർത്തിയായ വയസ്സ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

കൂട്ടിച്ചേർക്കലുകൾ

Sl.No. ഫോട്ടോ	Sl.No. ഫോട്ടോ	ഫോട്ടോ ഫോട്ടോ
പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:

1-1-20......ൽ പൂർത്തിയായ വയസ്സ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

തിരുത്തലുകൾ

ഉൾക്കുറിപ്പിന്റെ ക്രമനമ്പർ	സമ്മതിദായകന്റെ പേര്	നിലവിലുള്ള ഉൾക്കുറിപ്പ്	പകരമായി വായിക്കേണ്ടത് (ശരിയായ ഉൾക്കുറിപ്പ്)
(1)	(2)	(3)	(4)

1-1-20......ൽ പൂർത്തിയായ വയസ്സ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

ഒഴിവാക്കലുകൾ

Sl.No. ഫോട്ടോ	Sl.No. ഫോട്ടോ	ഫോട്ടോ ഫോട്ടോ
പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:	പേര്: അച്ഛൻ/അമ്മ/ രക്ഷകർത്താവ്/ഭർത്താവ്: വീട്ടുനമ്പർ: വീട്ടുപേര്: പു./സ്ത്രീ/ട്രാ.ജെ. & വയസ്സ്:

1-1-20......ൽ പൂർത്തിയായ വയസ്സ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

അനുബന്ധം 2

[ഫാറം 3]
(ചട്ടം 8 കാണുക)
കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള നോട്ടീസ്

സ്വീകർത്താവ്

.... നിയോജകമണ്ഡലത്തിലെ സമ്മതിദായകർ

1994–ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ അനുസരിച്ച് വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ ഒരു പകർപ്പ് പരിശോധനയ്ക്കായി ഓഫീസ് സമയത്ത് എന്റെ ആഫീസിലും .... ഉം ലഭ്യമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വോട്ടർപട്ടിക തയ്യാറാക്കലിന്റെ യോഗ്യതാ തീയതി .... ആണ്.

മേൽ പരാമർശിച്ച യോഗ്യതാ തീയതിയുടെ അടിസ്ഥാനത്തിൽ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഏതെങ്കിലും അവകാശവാദമോ, പേര് ഉൾപ്പെടുത്തുന്നതിനോ ഉൾപ്പെടുത്തിയതിനോ എന്തെങ്കിലും ആക്ഷേപമോ, ഉൾക്കുറിപ്പിലുള്ള ഏതെങ്കിലും വിശദാംശങ്ങൾക്ക് ഏതെങ്കിലും ആക്ഷേപമോ, ഉൾക്കുറിപ്പിലെ വിശദാംശത്തിന്റെ സ്ഥാനമാറ്റത്തിനുള്ള അപേക്ഷയോ ഉണ്ടെങ്കിൽ, അത് 4, 5, 6, 7 എന്നീ ഫാറങ്ങളിൽ ഉചിതമായതിൽ .... നോ അതിനു മുമ്പോ സമർപ്പിക്കേണ്ടതാണ്.

അത്തരത്തിലുള്ള ഓരോ അവകാശവാദവും ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപവും ഉൾക്കുറിപ്പിലെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയും ഓൺലൈനിലൂടെ സമർപ്പിക്കേണ്ടതാണ്.

ഫാറം 5–ലുള്ള അപേക്ഷ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ,
(മേൽവിലാസം)..
....
....]

സ്ഥലം : ....
തീയതി : ....

അനുബന്ധം 3

[ഫാറം 4
[ചട്ടങ്ങൾ 11 (1)-ഉം, 25-ഉം കാണുക]
പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ

സ്വീകർത്താവ്
തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ,
സർ,

ജില്ല [ ]

ഗ്രാമപഞ്ചായത്ത് [ ]

നിയോജകമണ്ഡലം [ ] ഭാഗം നമ്പർ [ ]

6 മാസത്തിനുള്ളിൽ ഉള്ള പാസ്പോർട്ട് സൈസ് ഫോട്ടോ

വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

പേര് (പൂർണ്ണമായി)	
അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര്	
പുരുഷൻ/സ്ത്രീ/ട്രാൻസ് ജെൻഡർ	
വയസ്സ്	
വീട്ടുപേര്	
വീട്ടുനമ്പർ	
തെരുവ്/സ്ഥലം	
തപാലാഫീസ്	
താലൂക്ക്	

എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും:-
(i) ഞാൻ ഒരു ഭാരത പൗരനാണ്.
(ii) കഴിഞ്ഞ ജനുവരി ഒന്നാം തീയതി എന്റെ വയസ് .... വർഷവും .... മാസവും ആയിരുന്നു.
(iii) ഞാൻ മുകളിൽ നൽകിയ മേൽവിലാസത്തിൽ സാധാരണയായി താമസിക്കുന്ന ആളാണ്.
(iv) മറ്റേതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്താൻ ഞാൻ അപേക്ഷിച്ചിട്ടില്ല.
(v) ഈ നിയോജക മണ്ഡലത്തിലേയോ മറ്റേതെങ്കിലും നിയോജകമണ്ഡലത്തിലേയോ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടില്ല.
എന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

അഥവാ

താഴെപ്പറഞ്ഞിരിക്കുന്ന മേൽവിലാസത്തിൽ ഞാൻ മുൻപ് സാധാരണ താമസക്കാരനായിരുന്നു. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടാകാം എന്നും അങ്ങനെയുണ്ടെങ്കിൽ അത് ആ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.
(മേൽവിലാസം) ....
....
....

അവകാശവാദി ഉൾപ്പെടുത്താൻ അപേക്ഷിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗ ത്തിന്റെയോ അല്ലെങ്കിൽ തൊട്ടടുത്ത താമസക്കാരന്റെയോ ഉൾക്കുറിപ്പ് വിവരണം.

വോട്ടർ പട്ടികയിലെ ക്രമനമ്പർ	പേര്	ബന്ധം (കുടുംബാംഗം/മറ്റുള്ളവർ)

സ്ഥലം.................................. അവകാശവാദിയുടെ ഒപ്പ് അല്ലെങ്കിൽ
തീയതി.................................. വിരലടയാളം

<u>കുറിപ്പ്</u>:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 27-ആം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

....സൂഷിരങ്ങൾ..

എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്

ശ്രീ/ശ്രീമതി/കുമാരി. .... മേൽവിലാസം ....
.... ന്റെ 4-ആം നമ്പർ ഫാറത്തിലുള്ള അപേക്ഷ.

(എ) സ്വീകരിക്കുകയും അയാളുടെ/ അവരുടെ പേര് വോട്ടർ പട്ടികയിൽ ക്രമനമ്പർ ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ....
.... കാരണത്താൽ നിരസിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ
തീയതി .... ഗ്രാമപഞ്ചായത്ത്

.... സുഷിരങ്ങൾ ....]

അനുബന്ധം 4

[ഫാറം 4 എ
[ചട്ടം 6 ബി കാണുക]]
പ്രവാസി ഭാരതീയ സമ്മതിദായകന് സമ്മതിദായക പട്ടികയിൽ
പേര് ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷ

സ്വീകർത്താവ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ,

....

(ഗ്രാമപഞ്ചായത്തിന്റെ പേര്)

ഈ കോളത്തിൽ സമീപകാലത്തെടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (3.5 cm x 4.5 cm) മുഖം വ്യക്തമായി കാണത്തക്ക രീതിയിലുള്ളത് പതിക്കേണ്ടതാണ്.

സ്ഥലം :

ജില്ല :

സംസ്ഥാനം :

സർ,

.... ഗ്രാമപഞ്ചായത്തിലെ .... നിയോജകമണ്ഡലത്തിലെ താമസക്കാരനായ ഞാൻ, ഈ ഫാറത്തിലെ (എച്ച്) എന്ന ഇനത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം, എന്റെ പേര് സമ്മതിദായക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

ഭാഗം 1

I. സമ്മതിദായക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള എന്റെ അവകാശവാദത്തിന് ഉപോത്ബലകമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പേര് :

(ബി) മദ്ധ്യത്തിലുള്ള പേര് :

(സി) വിളിപ്പേര് :

(ഡി) ജനനത്തീയതി :തീയതി.............. മാസം........... വർഷം.................

(ഇ) [പുരുഷൻ/സ്ത്രീ/ട്രാൻസ് ജെൻഡർ] :

(എഫ്) ജനനസ്ഥലം :

(i) വില്ലേജ്/ടൗൺ ;

(ii) ജില്ല :

(iii) സംസ്ഥാനം :

(ജി) അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :

(എച്ച്) കേരളത്തിൽ സാധാരണ താമസിക്കുന്ന സ്ഥലം :
(പാസ്പോർട്ടിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള
പൂർണ്ണമായ വിലാസം)

(i) വീട്ടുനമ്പർ :

(ii) തെരുവ്/പ്രദേശം/മുറി/റോഡ് :

(iii) ടൗൺ/വില്ലേജ് :

(iv) തപാലാഫീസ് :

(v) പിൻകോഡ് :

(vi) താലൂക്ക് :

(vii) ജില്ല :

(ഐ) നിലവിലുള്ള ഇൻഡ്യൻ പാസ്പോർട്ട്
സംബന്ധിച്ച വിശദാംശങ്ങൾ

(i) നമ്പർ :

(ii) വിതരണം ചെയ്ത സ്ഥലം :

(iii) വിതരണം ചെയ്ത തീയതി :

(iv) കാലാവധി അവസാനിക്കുന്ന തീയതി :

വിശദീകരണം:- അപേക്ഷ തപാൽ മുഖേനയാണ് അയക്കുന്നതെങ്കിൽ മുകളിൽ ഇനം (എ) മുതൽ (ഐ) വരെ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകേണ്ടതും നേരിട്ട് ഹാജരാക്കുന്ന പക്ഷം അസ്സൽ പാസ്പോർട്ട് രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

(ജെ) നിലവിൽ താമസിക്കുന്ന രാജ്യത്തിൻറെ വിസ സംബന്ധമായ വിശദവിവരങ്ങൾ:-

(I) നമ്പർ :

(ii) തരം (സിംഗിൾ എൻട്രി/മൾട്ടിപ്പിൾ എൻട്രി/ടൂറിസ്റ്റ്/വർക്ക് വിസ മുതലായവ) :

(iii) വിതരണം ചെയ്ത തീയതി ;

(iv) വിതരണം ചെയ്ത സ്ഥലം :

(v) കാലാവധി അവസാനിക്കുന്ന തീയതി :

(vi) വിതരണം ചെയ്ത അധികാരസ്ഥലത്തിന്റെ പേര്:

വിശദീകരണം.- അപേക്ഷ തപാൽ മുഖേനയാണ് അയയ്ക്കുന്നതെങ്കിൽ നിലവിലെ അംഗീകൃത വിസ മുദ്രണം ചെയ്തിട്ടുള്ള പാസ്പോർട്ടിന്റെ പ്രസക്തമായ പേജുകളുടെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതും നേരിട്ട് നൽകുന്നവയാണെങ്കിൽ അസ്സൽ പാസ്പോർട്ട് രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

II. ഇന്ത്യയിലെ സാധാരണ താമസസ്ഥലത്തുനിന്നും വിട്ടുനിൽക്കുന്നത് സംബന്ധിച്ച വിവരങ്ങൾ:-

(എ) ഇന്ത്യയിലെ സാധാരണ താമസസ്ഥത്തുനിന്നും വിട്ടുനിൽക്കുന്നതിനുള്ള കാരണം:-

(i) ജോലി :

(ii) വിദ്യാഭ്യാസം :

(iii) മറ്റുകാരണങ്ങൾ :

(അനുയോജ്യമായവ "✓" രേഖപ്പെടുത്തുകയും വിശദാംശങ്ങൾ നൽകുകയും ചെയ്യണം)

(ബി) ഇന്ത്യയിലെ സാധാരണ താമസസ്ഥലത്തുനിന്നും വിട്ടുനിൽക്കുന്നത് ഏത് തീയതി മുതലാണ്.

തീയതി .... മാസം .... വർഷം ....

III നിലവിൽ ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്ന രാജ്യത്തിലെ താമസസ്ഥലത്തിന്റെ പൂർണ്ണമേൽവിലാസം) ;

(IV) ഇന്ത്യക്ക് പുറത്ത് താമസിക്കുന്ന രാജ്യത്തിലെ പൂർണ്ണ ഔദ്യോഗിക മേൽവിലാസം (ജോലി സ്ഥലത്തെ/പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേൽവിലാസം) ;

(V) ഉറപ്പുനൽകൽ :-

(I) ഞാൻ ഭാരതപൗരത്വം ഉപേക്ഷിക്കുകയോ മറ്റേതെങ്കിലും രാജ്യത്തിന്റെ പൗരത്വം സ്വീകരിക്കുകയോ ആണെങ്കിൽ അക്കാര്യം, ഞാൻ താമസിക്കുന്ന രാജ്യത്തിലെ ഇന്ത്യൻ എംബസി മുഖേന എത്രയും പെട്ടെന്ന് പ്രസ്തുത വിവരം ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറെ അറിയിച്ചുകൊള്ളാമെന്ന് ഉറപ്പുനൽകുന്നു.

(ii) നിലവിൽ ഞാൻ താമസിക്കുന്ന രാജ്യത്തെ എന്റെ താമസസ്ഥലത്തെ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ അക്കാര്യം എത്രയും പെട്ടെന്ന് ഞാൻ ആ രാജ്യത്തെ ഇന്ത്യൻ എംബസി മുഖേന രജിസ്ട്രേഷൻ ആഫീസറെ അറിയിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകുന്നു.

(iii)നിലവിൽ ഞാൻ താമസിക്കുന്ന രാജ്യത്തെ എന്റെ താമസസ്ഥലത്തിന്റെ മേൽവിലാസത്തിൽ രജിസ്ട്രേഷൻ ആഫീസർ അയയ്ക്കുന്ന ഏതൊരു നോട്ടീസും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾപ്രകാരം എനിക്ക് ലഭിച്ചതായി കണക്കാ ക്കാമെന്നും ഏറ്റവും ഒടുവിൽ താമസിക്കുന്ന സ്ഥലത്തെ മേൽവിലാസം രജിസ്ട്രേഷൻ ഓഫീസറെ അറിയിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്നും ഞാൻ അപ്രകാരം പ്രവർത്തിക്കുന്നതാണെന്നും ഉറപ്പ നൽകുന്നു.